പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 4

എറണാകുളം 1970 ഫെബ്രുവരി 22 ഞായർ

വില 35 സ.

## * ഈ ലക്കത്തിൽ *

* കുറിപ്പുകൾ
ഐ. എസ്സ്. പി. യുടെ ലക്ഷ്യവും പരിപാടിയും.
പാർലമെൻറും സുപ്രീംകോടതിയും (തുടർച്ച)

* കാഴ്ചപ്പാടുകൾ
പോലീസിനെ നിലയ്ക്കുനിർത്താനാവില്ലെ?

* ലേഖനം
ഭൂപരിഷ്കരണങ്ങളും കഴിഞ്ഞതും വരേണ്ടതും

* കല
"അമ്മ എന്ന സ്ത്രീ"

* സാഹിത്യം
ബിററ്വീൻ ദ ലൈൻസ്

* എഴുത്താപ്പുറം

* കത്തുകൾ

കുറിപ്പുകൾ

## ഐ. എസ്സ്. പി. യുടെ ലക്ഷ്യവും പരിപാടിയും

കാരണമൊന്നും പറയാതെ തന്നെ, എൻ. കെ. ശേഷൻ മന്ത്രിസ്ഥാനം രാജിവെക്കണമെന്നു ഐ. എസ്സ്. പി. യുടെ ഉന്നതാധികാര കമ്മിററി ആവശ്യപ്പെട്ടിരിക്കുന്നു. മന്ത്രിശേഷൻ ചുരുങ്ങിയ കാലത്തിനിടക്കു വല്ല അഴിമതിയും നടത്തിയതായി ഐ. എസ്സ് പി. നേതാക്കൾക്കു വിവരം ലഭിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ, അതു് ജനങ്ങളോടു കൂടി പറയണം.

ഏതാനും ദിവസം മുമ്പാണല്ലോ ഐ. എസ്സ്. പി യുടെ നിർദ്ദേശാനുസരണം ശേഷനെ മന്ത്രിസഭയിലെടുത്തതു്. ഇപ്പോൾ ശേഷൻ മന്ത്രിസ്ഥാനത്തിനു യോഗ്യനല്ലെന്നു പാർട്ടിനേതാക്കൾക്കു തോന്നാൻ കാരണമെന്താണു്?

മുഖ്യമന്ത്രിമാരാണു് സഹമന്ത്രിമാരെ സാധാരണഗതിയിൽ തെരഞ്ഞെടുക്കാറുള്ളതു്. എന്നാൽ ഐക്യമുന്നണി മന്ത്രിസഭയാണെങ്കിൽ അതാതു് പാർട്ടിക്കാർ തന്നെ തങ്ങളുടെ മന്ത്രിമാരെ നിശ്ചയിക്കണമെന്നതു് ഇവിടെ അംഗീകൃതതത്വമാണു്. ആയിക്കൊള്ളട്ടെ, പക്ഷെ ഒരാൾ മന്ത്രിയായിക്കഴിഞ്ഞാൽ അയാൾ സ്ഥാനത്തുനിന്നു മാറുകയോ മാററപ്പെടുകയോ ചെയ്യുന്നതിനു കാരണമെന്തെന്നറിയാൻ ജനങ്ങൾക്കു അവകാശമുണ്ടു്. അതുകൊണ്ടാണു് മന്ത്രിമാർ സ്ഥാനം രാജിവെക്കുമ്പോൾ നിയമസഭയിൽ പ്രസ്താവന ചെയ്യണമെന്നു വെച്ചിട്ടുള്ളതു്.

ശേഷൻ രാജിവെക്കുന്നെങ്കിൽ എന്താണു് പ്രസ്താവിക്കുക? ആരോഗ്യകരമായ കാരണങ്ങളാലാണെന്നു പറയാൻ ഇടയില്ല. സ്വയം അദ്ദേഹം സ്ഥാനം രാജിവെക്കാൻ തയാറായിട്ടുള്ളതായി അറിയുന്നില്ല. മുഖ്യമന്ത്രി അച്ചുതമേനോനാണെങ്കിൽ തനിക്കു ശേഷനിൽ വിശ്വാസമില്ലാതായെന്നും പറഞ്ഞിട്ടില്ല. പ്രതിപക്ഷനേതാക്കളൊന്നും ശേഷന്റെ പേരിൽ അഴിമതിയാരോപണം കൊണ്ടുവന്നിട്ടുമില്ല.

ആകപ്പാടെ മുൻമന്ത്രി പി. ആർ. കുറുപ്പിനെ ഏതോ കോർപ്പറേഷൻ ചെയർമാനാക്കിയതു് വേണ്ടിയിരുന്നില്ലെന്നു ചില പത്രങ്ങൾ മുഖപ്രസംഗമെഴുതി. ശേഷൻ ആ തെററു തിരുത്തി പി. ആർ. കുറുപ്പിന്റെ അളിയനെ കോർപ്പറേഷൻ ചെയർമാനാക്കുകയും ചെയ്തു. ഐ. എസ്സ്. പി. നേതൃത്വത്തിനു അക്കാര്യത്തിൽ ഇനി പരാതിയൊന്നും ഉണ്ടാകുകയില്ലല്ലോ.

പിന്നെ ശേഷൻ മന്ത്രിസ്ഥാനമൊഴിയണമെന്നു ഐ. എസ്സ്. പി. നേതാക്കൾ പറയാൻ കാരണം പി. കെ. കുഞ്ഞിനെ മന്ത്രിയാക്കുന്നതിനു ഒഴിവുണ്ടാക്കാനാണോ? എങ്കിൽ അതു തുറന്നു പറയണം. അതിൽ ഐ. എസ്സ്. പിക്കു ലജ്ജ തോന്നാൻ കാര്യമൊന്നുമില്ല. ചിലർക്കു് എം. എൽ. എ. മാരാകുക, എം. പി. മാരാകുക, മന്ത്രിമാരാകുക എന്നതിൽ കവിഞ്ഞു് ഐ. എസ്സ്. പി. ക്കു എന്തെങ്കിലും ലക്ഷ്യമുണ്ടെന്നതിനു ഇതേവരെ തെളിവില്ല. എസ്സ്. എസ്സ്. പി. പിളർന്നു് ഐ. എസ്സ്. പി. യുണ്ടായതുതന്നെ കുഞ്ഞിനും കുറുപ്പിനും മന്ത്രിമാരായിരിക്കാൻ വേണ്ടിയാണല്ലോ. എസ്സ്. പി. കളുടെ പിളർപ്പിനു പിന്നിലെല്ലാം തന്നെ മന്ത്രിസ്ഥാനങ്ങളായിരുന്നു മുഖ്യം പ്രധാന പ്രേരണകൾ. പിളർന്നു പിളർന്നു ഐ. എസ്സ്. പി. വീണ്ടും ശേഷൻ മന്ത്രിയുടെ കാര്യത്തിൽ ഒരു പിളർപ്പിന്റെ വക്കത്തെത്തിയിരിക്കുന്നു.

(ശേഷം 16-ാം പേജിൽ).

# എഴുതാപ്പുറം

വയനാടൻ വനങ്ങളിലെ ക്രൂരമായ നരവേട്ടയുടെ വിസ്തരിച്ചുള്ള കഥകളാണ് പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നതു്. സത്യമോ നീതിബോധമോ തൊട്ടുതെറിച്ചിട്ടില്ലാത്ത ഈ പോലീസ് പുരാണങ്ങൾ വായിച്ചാൽ ഞെട്ടിപ്പോകും. "യന്ത്രത്തോക്കുകൾ ഉൾപ്പെടെയുള്ള ആധുനിക ആയുധ സജ്ജീകരണങ്ങളോടെ, ഒരു യുദ്ധ രംഗത്തേയ്ക്കെന്നപോലെയായിരുന്നു തിരച്ചിൽ സംഘം നീങ്ങിയത്" മലയാള മനോരമ വർണ്ണിക്കുന്നു. തിരുനെല്ലി-തൃശ്ശിലേരി ഭാഗങ്ങളിൽ കൊലയും കൊള്ളയും നടത്തി വടക്കൻ വയനാട്ടിനെ കിടിലം കൊള്ളിച്ച ശേഷം ഘോരവനത്തിലേക്കു അന്തർദ്ധാനംചെയ്ത നക്സൽബാരി തലവൻ എ. വർഗീസ് ഇന്നുവെളുപ്പിനു തിരുനെല്ലി വനത്തിൽ വെച്ച് പോലീസ്, പാർട്ടിയുമായുണ്ടായ ഏററുമുട്ടലിൽ കൊല്ലപ്പെട്ടിരിക്കുന്നു. യുദ്ധ റിപ്പോർട്ടിന്റെ ആദ്യവാചകമാണിതു.

വർഗ്ഗീസ് കൊലയും കൊള്ളയും നടത്തിയെന്നു മനോരമ കുററം ചുമത്തുന്നു; സ്വയം വിധി പ്രസ്താവിക്കുന്നു. യന്ത്രതോക്കും വെടിയും പടയുമായിച്ചെന്നു് പോലീസുമായി നക്സൽബാരിത്തലവൻ ഏററുമുട്ടി എന്നു വിവരിക്കുന്നു. വിധിക്കുന്നു. ആകപ്പാടെ പോലീസിന്റെ ധീരസാഹസികതയെപുകഴ്ത്തി അവരുടെ കഷ്ടപ്പാടിൽ അനുതപിച്ച് വർഗ്ഗീസിനെ വേട്ടയാടി കൊന്നതിൽ ആഹ്ലാദിക്കുകയാണ് മനോരമ. "ഇവർ ചെയ്യുന്നതെന്താണെന്ന് ഇവരറിയുന്നില്ല, ഇവരോട് ക്ഷമിക്കണമേ എന്നു് പറഞ്ഞ് കുരിശിൽ മരിച്ച ക്രിസ്തുവിന്റെ കഥകളെക്കുറിച്ച് മരാമൺ സമ്മേളനത്തിൽ നടക്കുന്ന പ്രസംഗങ്ങളുടെ റിപ്പോർട്ടിനു സമീപംതന്നെ പൌരാവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നുവെന്നവകാശപ്പെടുന്ന സ്വതന്ത്രപത്രങ്ങളുടെ റിപ്പോർട്ടുകൾ ആരേയും അരിശംകൊള്ളിക്കാതിരിക്കുകയില്ല !

വർഗ്ഗീസാണ് കൊള്ളയും കൊലയും നടത്തിയതെന്നു വിധിക്കാൻ പോലീസിനും മനോരമക്കും അധികാരം നൽകിയതാരാണ്? ഈ രാജ്യത്ത് കുററം ചുമത്താനല്ലാതെ വിധിയെഴുതാൻ പോലീസിനാണോ അധികാരം? അതോ നീതിന്യായക്കോടതികളെല്ലാം പണക്കാർക്കും അവരുടെ കൂലിയെഴുത്തുകാർക്കും മാത്രം ഉള്ളതാണോ? തിരുനെല്ലിയിലും തൃശ്ശിലേരിയിലും കൊലനടന്നുവെങ്കിൽ തന്നെ, ക്രിമിനൽ കുററങ്ങൾ ചെയ്യുവരെ പോലീസിനു ചുട്ടുകൊല്ലാമെന്നു ഏതു നിയമത്തിലാണ് പറയുന്നതു്? പോലീസ് വേട്ടയാടികൊന്നവർ തന്നെയാണ് കുററങ്ങൾ ചെയ്തതെന്നു് സംശയരഹിതമായ എന്തു തെളിവാണ് പോലീസിനു്. കേസ് തെളിയിക്കാൻ സാദ്ധ്യമല്ലെന്നറിഞ്ഞു കൊണ്ടു് മനഃപ്പൂർവ്വം വർഗ്ഗീസിനെ ചുട്ടുകൊന്നതാണെന്നു റിപ്പോർട്ടിൽ നിന്നു തന്നെ വ്യക്തമാണ്. പോലീസിന്റെ ഈ നിയമലംഘനത്തിനു മറപിടിക്കാൻ നാണ്‌കെട്ട് പത്രക്കച്ചവടം നടത്തുന്ന 'മനോരമ' കൂട്ടുനില്ക്കുകയുമാണ്.

"രാത്രിസംഘത്തിൽപ്പെട്ട നാലുപേർ ചെന്നു മാനന്തവാടിയിൽ നിന്നു 15 മൈൽ അകലെ കമ്പമലയിൽ വെച്ച് പോലീസ്പാർട്ടിയുടെ നേരെ രണ്ടു് പ്രാവശ്യം ബോംബേറു നടത്തിയ ശേഷം....പോലീസ് ആരംഭിച്ച അതിശക്തമായ തിരച്ചിൽ അവസാനം വർഗ്ഗീസിന്റെ മരണത്തിലാണ് കലാശിച്ചതെന്നയറിയുന്നു" പോലും. യുദ്ധസന്നാഹങ്ങളോടേ "സി, ആർ. പി. യും എം. എസ്സ്. പി. യും ലോക്കൽപോലീസും അടങ്ങിയ നൂറുകണക്കിനാളുകളു"ടെ നേരെ നാലുപേർ ചെയ്യുന്നു രാത്രി ബോംബെറിഞ്ഞത്രെ. ബോംബെറിഞ്ഞ ശേഷം അവർ ഒരു നാടൻ തോക്കു് കാട്ടിൽ വലിച്ചെറിഞ്ഞതായും കഥതുടരുന്നുണ്ട്.

ബോംബെറിഞ്ഞിട്ടും തിരച്ചിൽ നടത്തുന്ന നൂറുകണക്കിനു പോലീസുകാരിൽ ഒരാൾക്കുപോലും എന്തെങ്കിലും മുറിവോ പോറലോ ഏററതായി സൂചനപോലുമില്ല. ബോംബെറിഞ്ഞവർ തോക്കും വലിച്ചെറിഞ്ഞെന്നാണു പറയുന്നതും. പിന്നീടു് ബോംബുകൾ ഡൈനാമൈററ്കളായി എന്നാണറിവു്. എന്നിട്ടും വർഗ്ഗീസിനെ വെടിവെച്ചു കൊല്ലാതെ പിടിക്കാൻ സാധിക്കാത്ത പോലീസിനു മനോരമ സ്തുതി പാടുന്നു. രണ്ടു് ദിവസം കഴിഞ്ഞു് വിശദവിവരങ്ങളുടെ റിപ്പോർട്ടാണ് വരുന്നത്. എട്ടു ദിവസത്തെ തിരച്ചിലിനും കൊള്ള സംഘത്തേയും വറുഗീസിനേയും പിടികൂടുന്നതിനും സി. ആർ. പി. പ്രകടിപ്പിച്ച ധീരത ശ്ലാഘനീയമായിരുന്നുവെന്നു പോലീസിന്റെ അക്ഷീണയത്നം പത്രപ്രതിനിധികളോടു് വിവരിച്ച ഒരു ഉയർന്ന പോലീസ് ഓഫീസർ പറഞ്ഞു. ഘോരവനങ്ങളിൽ ക്ഷീണമെന്തെന്നറിയാതെയും ജീവൻ അപകടപ്പെടുത്തിയും അവർ നടത്തിയ അന്വേഷണം ആദ്യന്തം സാഹസികത്വം നിറഞ്ഞതായിരുന്നു.

പോലീസ് കൊള്ള സംഘത്തെ പിടിച്ചതായിട്ടൊന്നും അറിയുന്നില്ല. വറുഗീസിനെ വെടിവെച്ചു കൊന്നുവെന്നല്ലാതെ മററാരെയെങ്കിലും അറസ്റ്റ് ചെയ്തതായിപ്പോലുംകാണുന്നില്ല. മറിച്ച് വർഗ്ഗീസിന്റെ സംഘത്തിൽപ്പെട്ട ആറുപേർ തിരുനെല്ലിക്കു വടക്കു കിഴക്കൻ വശത്തുള്ള സാവലി റിസർവ്വ് വനങ്ങളിൽ രക്ഷപ്പെട്ടതായി വിവരം കിട്ടിയിട്ടുണ്ടെന്നാണു റിപ്പോർട്ടിൽ പറയുന്നതു്.

നൂറുകണക്കിനാളുകളും യന്ത്രത്തോക്കും വേട്ടപ്പട്ടിയും വയർലസ്സ് സന്നാഹങ്ങളുമായിച്ചെന്നു ഒരു യുവാവിനെ വെടിവെച്ചു കൊന്ന 'ധീരത'യെ ശ്ലാഘിക്കുവാൻ കേരളത്തിലെ പേരറിയാത്ത പോലീസ് ഉദ്യോഗസ്ഥനും അതേററു പാടാൻ മനോരമയും തന്നെ വേണം. ക്ഷീണമെന്തെന്നറിയാതെ ജീവൻ അപകടപ്പെടുത്തി ആദ്യന്തം സാഹസികത്വം നിറഞ്ഞു അന്വേഷണം നടത്തി'യിട്ടും ആറുപേർ രക്ഷപ്പെട്ടുവത്രെ. വടക്കൻ പാട്ടുകളെ വെല്ലുന്ന വിധം പോലീസ് സ്തുതി എഴുതിപിടിപ്പിക്കുമ്പോൾ വൈരുദ്ധ്യങ്ങൾ കടന്നുകൂടാതിരിക്കാനെങ്കിലും ശ്രദ്ധിക്കാത്ത പത്രക്കാരോടു് ബുദ്ധിയുള്ള വായനക്കാർക്കു പുച്ഛം തോന്നാതിരിക്കുകയില്ല.

ഒന്നു തീർച്ചയാണ്. സംശയം തോന്നുന്നവരെയെല്ലാം വെടിവെച്ചു കൊല്ലാൻ നേരത്തേ തന്നെ തയ്യാറെടുത്തു കൊണ്ടാണ് പോലീസ് വയനാട്ടിൽ കടന്നിട്ടുള്ളതു്. ഒന്നിനും കൊള്ളാത്ത ആ പേടിത്തൊണ്ടന്മാർ നിഷ്ക്കളങ്കരായ കുറിച്യരേയും ആദിവാസികളേയും കഠിനമായി മർദ്ദിച്ചിട്ടുണ്ടു്. കീഴടങ്ങാൻ തയ്യാറായ വർഗ്ഗീസിനെ വനത്തിലിട്ടു് വെടിവെച്ചു കൊന്നിട്ടുണ്ടു്. ഇനിയും പലരേയും ചുട്ടുകൊല്ലാൻ തയ്യാറെടുത്തിട്ടുണ്ടു്.

വർഗ്ഗീസിന്റേയോ മററാരുടേയെങ്കിലുമോ പേരിൽ കൊലക്കുററമോ കൊള്ള

(ശേഷം 15-ാം പേജിൽ)

**കാഴ്ചപ്പാടകം**

# പോലീസിനെ നിലയ്ക്കുനിർത്താനാവില്ലേ?

**രാജൻ**

എമ്പാടും പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള പരാതികളാണ്. പോലീസ് നടത്തിയ ലാത്തിച്ചാർജിനെപ്പറ്റിയോ, ലോക്കപ്പുമർദ്ദനത്തെപ്പറ്റിയോ, വെടിവെപ്പിനെപ്പറ്റിയോ ഉള്ളവാർത്തകളില്ലാത്ത ദിവസമില്ല. 'മാർക്സിസ്റ്റുകാരുടെ അക്രമത്തെ പഴിചാരിക്കൊണ്ട് പോലീസ് അതിക്രമങ്ങൾ കാട്ടിക്കൊണ്ടിരിക്കുകയാണെന്നു വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു.

പോലീസുകാരുടെ അക്രമങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നതു് നിഷേധിക്കാനാവില്ല മാർക്സിസ്റ്റു കമ്യൂണിസ്റ്റുകാർ അധികാരത്തിലിരുന്നപ്പോൾ പോലീസുകാർ അക്രമം പ്രവർത്തിച്ചിട്ടില്ലെന്നല്ലാ പറയുന്നതു്. അന്നും അനാവശ്യമായി ലാത്തിച്ചാർജ്ജും മർദ്ദനവും നടത്താൻ പോലീസ് മടികാണിച്ചിട്ടില്ല. പക്ഷെ ഇന്നത്തെപ്പോലെ പരക്കെ തല്ലൽ പരിപാടിയുണ്ടായിരുന്നില്ലയെന്നു സമ്മതിക്കണം ആരധികാരത്തിൽ വന്നാലും പോലീസ് നിയന്ത്രണമില്ലാതെ ധിക്കാരപൂർവ്വം പെരുമാറുന്നുവെന്നതാണ് ഇന്നത്തെ നില. ഒന്നുകിൽ കുറുപ്പിന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്കു പുറത്തു് ഇതാണവരുടെ നയം.

എന്താണിതിനു കാരണം? പോലീസിനോട്ട് ഈ രാജ്യത്തെ ജനങ്ങൾ കാണിക്കുന്ന അളവററ ഭക്തിബഹുമാനങ്ങളല്ലാതെ മറെറാന്നുമല്ലാ. സ്വാതന്ത്ര്യത്തിനു മുമ്പു് നാട്ടുകാരെ മർദ്ദിച്ചൊതുക്കിയിരുന്ന അതേ പാരമ്പര്യം തന്നെയാണ് ഇന്നും ഇന്ത്യയിലെ ല്ലാ യി ട ത്തും പോലീസ് തുടർന്നു വരുന്നതു്. മോഹൻ ദാസ് ഗാന്ധിയുടെ നേതൃത്വത്തിൽ ന ട ത്തി യ സ്വാ ത ന്ത്ര്യസമരക്കാലത്തു എല്ലായ്പ്പോഴും പോലീസുകാരെ സ്തുതിക്കാൻ നേതാക്കൾ വിസ്മരിക്കാറില്ല. 'അഹിംസയുടെ മുദ്രാവാക്യത്തിനു പിന്നിൽ പല ഭീരുക്കളും പററിക്കൂടിയിരുന്നുവെന്നതാണു സത്യം. പിക്കററിങ്ങിനോ, സത്യാഗ്രഹത്തിനോ പോകും മുമ്പു് സന്നദ്ധഭടന്മാരുടെ പേരും പരിപാടിയുടെ സമയവുമെല്ലാം അറിയിച്ച്, പോലീസിന്റെ കൂടിയനുവാദം വാങ്ങുകയായിരുന്നല്ലോ പതിവ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടാണു നമ്മുടെ സമരം, അവരുടെ പോലീസുകാരോടല്ല, എന്നൊക്കെ ചമൽക്കാരത്തോടെ പറഞ്ഞു് മിക്കപ്പോഴും ഭീരുത്വത്തിനു ആദർശത്തിന്റെ മറയിട്ടു് നടക്കുകയായിരുന്നു പഴയ നേതാക്കളിൽ പലരും. പോലീസാകട്ടെ, യജമാനഭാവത്തിൽ, തോന്നുമ്പോഴെല്ലാം നിഷ്ഠുരമായ മർദ്ദനം നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

സ്വാതന്ത്ര്യത്തിനു ശേഷം, സാമ്രാജ്യത്വത്തിന്റെ പോലീസ് 'നമ്മുടെ പോലീസ്' ആയി മാറിയതോടെ സ്ഥിതി ഒന്നുകൂടി വഷളായി. സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടായിട്ടുള്ള പോലീസ്മർദ്ദനങ്ങളുടെ കഥപരിശോധിച്ചാൽ ഇതു് വ്യക്തമാകും. വെടിവെച്ച് ആളുകളെ കൊല്ലുന്നതും ലാത്തിച്ചാർജ് നടത്തി തല്ലിച്ചതക്കുന്നതും പോലീസുകാരുടെ മൗലികാവകാശംതന്നെയായി മാറിയിട്ടുണ്ട്. ബ്രിട്ടീഷ് പാർലിമെൻററി സമ്പ്രദായം അതേപടി പകർത്തിയവരും പകർത്തുന്നവരുമാണല്ലോ നമ്മുടെ ഭരണാധികാരികൾ. ഉദ്യോഗസ്ഥന്മാർ എന്തുതെററു ചെയ്താലും മന്ത്രിമാരും ഗവർമ്മെണ്ടും ഉത്തരവാദിത്വമേൽക്കണമെന്നാണ് വെപ്പ്. അതുകൊണ്ട് പോലീസിന്റെ തേർവാഴ്ചയെപ്പററി പരാതിയുണ്ടായാൽ ഉടനെതന്നെ മന്ത്രിമാർ പോലീസിന്റെ രക്ഷക്കു് ഓടിയെത്തുകയായി.

## പോലീസിന്റെ രക്ഷ

ലോക്കപ്പ് മർദ്ദനംകൊണ്ട് ആൾ മരിച്ചതിനെപ്പററി നിയമസഭയിൽ ചോദ്യമുണ്ടായി എന്നിരിക്കട്ടെ. ഉടനെ മന്ത്രി എഴുന്നേററു നിന്നു പറയുകയായി, ഏ്രോഗം കൊണ്ടാണ് പ്രതി മരിച്ചതെന്നു്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുക്കുന്നതു് നിയമസഭയിൽ അതേപടി വായിച്ച് മന്ത്രിമാർ തൃപ്തിപ്പെടും. മന്ത്രിമാർക്കു് സ്ഥലത്തുപോയി അന്വേഷിക്കാനും ഓരോ ലാത്തിച്ചാർജ്ജും വെടിവെപ്പും നടക്കുന്നതു പരിശോധിക്കാനും പററുമോ എന്ന ചോദ്യമുണ്ടായേക്കും. അതൊന്നും ചെയ്യണമെന്നു ആരും പറയുന്നില്ല. 1947 ആഗസ്റ്റ് 14–ാംനു- രാത്രിയോടെ പോലീസ് ലാത്തിക്കുപകരം ഓടക്കുഴലും കൊണ്ടാണുനടക്കുന്നതെന്നും ലാക്കപ്പിൽവെച്ച് മർദ്ദനമല്ല ചുംബനമാണ് നടത്തുന്നതെന്നും പ്രചരിപ്പിക്കാതിരുന്നാൽ മതിയായിരുന്നു. ബ്രിട്ടീഷുകാർ പിന്നിട്ടുപോയ വമ്പിച്ച നേട്ടങ്ങളായി സിവിൽ സർവ്വീസിനേയും ജൂഡിഷ്യറിയേയും കരുതുന്നവർക്ക് അങ്ങിനെയല്ലാതെചെയ്യാൻ പററില്ലായിരിക്കും.

പോലീസിന്റെ യജമാനഭാവത്തിനു ഒട്ടും കുറവു വന്നിട്ടില്ലെന്ന യാഥാർത്ഥ്യം ആദ്യമായിത്തന്നെ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയകക്ഷികളും അംഗീകരിച്ചേ മതിയാവൂ. പോലീസിന്റെ മർദ്ദനങ്ങളെക്കുറിച്ച് പരാതിയുണ്ടായാൽ അതിനു ന്യായീകരണം പറയാനും വക്കാലത്തു പിടിക്കാനും ചാടിപുറപ്പെടും മുമ്പു് മന്ത്രിമാർ യാഥാർത്ഥ്യം കണ്ടെത്താൻ ശ്രമിക്കണം. കാക്കിയുടുപ്പിടുകയും തോക്കുകൈവശം വെക്കുകയും ചെയ്യുന്നുണ്ടെന്നു വെച്ച് ജനങ്ങളെ മർദ്ദിക്കാനും കൊന്നൊടുക്കാനും പോലീസിനധികാരമില്ലെന്നു അവരെ മനസ്സിലാക്കേണ്ട കാലം വൈകി.

പക്ഷെ ഇന്നും ഇവിടെ ഏററവുമധികം സ്വയം സന്നദ്ധവക്താക്കൾ ഉള്ളതു് പോലീസിനാണ്. ജനങ്ങൾ പൌരാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയും തൊഴിലാളികൾക്കുവേണ്ടി സമരം നടത്തുകയും ചെയ്യുമ്പോൾ നിയമസമാധാനനില അപകടത്തിലായി എന്ന മുറവിളി കൂട്ടുകയാണ് പല രാഷ്ട്രീയകക്ഷികളും പത്രങ്ങളും ചെയ്യുന്നതു്. പിക്കററിങ്ങും പ്രകടനങ്ങളുമാണ് അവരുടെ ദൃഷ്ടിയിൽ സമാധാനത്തിനു ഏററവും അപകടമുണ്ടാക്കുന്നതു്.

പേപ്പട്ടിയെ തല്ലിക്കൊല്ലുന്നതുപോലെ ആളുകളെ തല്ലിക്കൊന്നാലും അഞ്ചെട്ടു പേരെ ചുട്ടെരിച്ചാലും അതു സമാധാനപാലനനവുമാണ്. വാസ്തവത്തിൽ ഇന്ത്യയിലെ നിയമസമാധാന പാലനത്തിനു ഏററവും വലിയ ഭീഷണിയായിട്ടുള്ളതു് പോലീസ് സേനയാണ്.

## പോലീസിന്റെ തന്ത്രം

ചോദ്യം ചെയ്യപ്പെടാത്തവണ്ണം എന്തും ചെയ്യാനുള്ളയവകാശം നേടിയെടുക്കുന്നതിനു പോലീസ് മേധാവികൾ പല തന്ത്രവും പ്രയോഗിക്കാറുണ്ടു്. തൊഴിൽതർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്നു ഗവർമെണ്ടു നിർദ്ദേശിക്കുകയും ആ നിർദ്ദേശം നടപ്പാക്കുന്നതിനു ശ്രമിക്കുകയും ചെയ്താൽ പോലീസ് മേധാവികൾ പിന്നെ കയ്യുംകെട്ടി ഇരിപ്പു തുടങ്ങുകയായി. വേണമെങ്കിൽ അവർ തന്നെ കള്ളന്മാരേയും കൊള്ളക്കാരേയും ഇളക്കിവിട്ടെന്നും വരും. പാർട്ടിനേതാക്കളുടെ 'ശല്യ'ത്തെപ്പററി മുറുമുറുക്കും. അധികാരത്തിലില്ലാത്ത രാഷ്ട്രീയക്കാരെല്ലാം കൂടി പോലീസിനു വേണ്ടിയും നിയമസമാധാനപാലനത്തിനുവേണ്ടിയും അലമുറയിട്ടു തുടങ്ങും. പോലീസുകാർ തന്നെ തങ്ങളുടെ നിസ്സഹായാവസ്ഥയെപ്പററി പത്രക്കാരോടു് പരാതിപ്പെടും. പത്രങ്ങൾ മുഖപ്രസംഗങ്ങളെഴുതും. അവസാനം ഗവർമെണ്ടു് ഒന്നയഞ്ഞുകൊടുത്താൽ പോലീസ് വീരശൂരപരാക്രമങ്ങളുമായി രംഗത്തിറങ്ങുകയായി. തലങ്ങും വെലങ്ങും അടിക്കുന്നതിലും കൊല്ലുന്നതിലുമല്ലാതെ മറെറാന്നിലും സാമർത്ഥ്യം കാണാറുമില്ല. സാമർത്ഥ്യം കാണിക്കേണ്ട രംഗത്തു് തുടർച്ചയായി പരാജയം സംഭവിച്ചാൽ മറെറാരടവു പയററുകയായി. 'രാത്രിയിൽ ഹോട്ടൽ മുറികളുടെ താക്കോൽ പഴുതുകളിലൂടെ ഒളിഞ്ഞുനോക്കലാണ്' ഏററവും വലിയ അപസർപ്പക വേല. വല്ലവരും സ്വൈരമായി പെണ്ണുങ്ങളുമൊത്തു് ശയിക്കുന്നതാണ് ഏററവും വലിയ രാജ്യദ്രോഹമെന്നു് തോന്നും പോലീസിന്റെ ശുഷ്കാന്തികണ്ടാൽ. ഇങ്ങനെ ശുഷ്കാന്തിയോടെ കണ്ടുപിടിക്കപ്പെട്ട 'കേസുകൾ' ചാർജ് ചെയ്യുന്നതിനു മുമ്പേ പത്രമാഫീസിൽ എത്തിക്കാനായിരിക്കും പോലീസ് ധൃതികാണിക്കുന്നതു്. ജനങ്ങൾ താല്പര്യപൂർവ്വം വായിക്കുന്ന വാർത്തയാണല്ലോ വ്യഭിചാരകഥ.

ഇപ്പോൾ പത്രങ്ങളിൽ നിന്നും രാഷ്ട്രീയകക്ഷികളിൽ നിന്നും നിയമസമാധാനപാലനത്തിനു സമ്മതിപത്രം നേടി ഖ്യാതിയടിച്ചു നിൽക്കുകയാണ് നമ്മുടെ പോലീസ്. പോലീസിനു വീര്യം വന്നുപോലും. ഈ വീര്യത്തിന്റെ ഫലമായി എത്ര വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടുവെന്നും എത്രപേരുടെ ആരോഗ്യം തകർന്നു് ആസ്പത്രിയിലായിട്ടുണ്ടെന്നും ആരെങ്കിലും പരിശോധിച്ചു നോക്കിയിട്ടുണ്ടോ? ആളുകൾ ചുട്ടെരിക്കപ്പെടുന്നതു് നിർവ്വികാരതയോടെ വായിച്ചു 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ കഴിഞ്ഞുകൂടാൻ ഇവിടെ ആർക്കും വിഷമമില്ലാതായിരിക്കുന്നു. അനുസരിച്ചു മാത്രം ശീലിച്ചു ശീലിച്ചു അടിമത്വം മര്യാദക്കാരന്റെ ലക്ഷണമായിരിക്കുകയാണ്. അവനവനെ നേരിട്ടു ബാധിക്കാത്തതോ അവനവനുൾപ്പെട്ടതോ അല്ലാത്ത സമരങ്ങളോടെല്ലാം 'ബുദ്ധിജീവികൾ' എന്നു പറയപ്പെടുന്നവർ ഉദാസീനഭാവം കൈക്കൊള്ളുകയാണ്. ഓരോ ഘട്ടത്തിലും പോലീസിനോടുള്ള സമീപനത്തിൽ നിന്നു ഇതു് വ്യക്തമാകും. എന്തിനും ബ്രിട്ടനെ ചൂണ്ടിക്കാണിക്കുകയും അനുകരിക്കുകയും ചെയ്യുന്നവർ ബ്രിട്ടനിൽ ഇവിടത്തെപ്പോലെ പോലീസ് നരനായാട്ടു നടത്താൻ അനുവദിക്കുമോഎന്നു് ചിന്തിക്കാത്തതെന്തു്?

## രണ്ടു് വീക്ഷണം മാത്രം

എല്ലാ പോലീസ് മർദ്ദനങ്ങൾക്കും സ്ഥിരമായ രണ്ടു് വീക്ഷണങ്ങൾ ഇവിടെ വന്നുകഴിഞ്ഞു. ഒരു വശത്തു് ഭരണകക്ഷിക്കാർ സമരക്കാരുടെ അക്രമത്തേയും കല്ലേറിനേയും പററിപ്പെരുപ്പിച്ചു കാണിക്കും. അക്രമാസക്തമായ ജനക്കൂട്ടത്തെപ്പിരിച്ചുവിടാൻ പോലീസ് നടത്തിയ ലാത്തിച്ചാർജിനെപ്പററി ന്യായീകരിക്കും. മറുവശത്തു് മറെറാരു പ്രകോപനവുമില്ലാതെ പോലീസ് നടത്തിയ ക്രൂരമായ മർദ്ദനത്തിന്റെ കഥകളും കേൾക്കാം. പോല്സ് ഇത് തന്നെ തഞ്ചമെന്നു കരുതി എല്ലായ്പ്പോഴും തങ്ങൾക്കു തോന്നുന്ന തരത്തിൽ അക്രമങ്ങൾ നടത്തി ഭരണ കക്ഷിക്കാരുടെ പിന്നിൽ അഭയം തേടുന്നു. കേരളത്തിൽ ഒരു രാഷ്ട്രീയ കക്ഷിയും ഇതിൽനിന്നും വിഭിന്നമായ നിലപാടു് ഇന്നേവരെ സ്വീകരിച്ചിട്ടില്ല.

കേരളത്തിൽ ഈ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഭരണം നടത്തിയിരുന്നപ്പോഴത്തെ സ്ഥിതി നോക്കുക. വിദ്യാർത്ഥികളുടെ സമരങ്ങൾക്കെതിരായിരുന്നു അന്നു പോലീസിന്റെ ലാത്തിച്ചാർജ്ജും മർദ്ദനങ്ങളും. കേരളത്തെ ഇളക്കിമറിച്ച വിദ്യാർത്ഥിസമരംതന്നെ നടക്കുന്നതിനിടയാക്കിയതു് തേവര കോളേജിലെ ഒരു വിദ്യാർത്ഥി പോലീസ് മർദ്ദനത്തിന്റെ ഫലമായി കൊല്ലപ്പെട്ടുവെന്ന സംശയത്തിന്റെയടിസ്ഥാനത്തിലാണ്. ഇതു് സംബന്ധിച്ചു് അന്വേഷണം നടത്തി കുററക്കാരെ ശിക്ഷിക്കണമെന്നാവശ്യം ഉന്നയിച്ചുകൊണ്ടു് വിദ്യാർത്ഥികൾ നടത്തിയ സമരത്തിനിടയിൽ അനേകം ലാത്തിച്ചാർജ്ജുകളുണ്ടായി. സെൻറ് ആൽബർട്സ് കോളേജിൽ ഗെയ്ററ് പൊളിച്ചു് പോലീസ് പരീക്ഷാഹാളിൽക്കയറി അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ക്രൂരമായി മർദ്ദിച്ചു. ഒരദ്ധ്യാപകന്റെ തല തല്ലിപ്പൊളിച്ചു് അദ്ദേഹത്തിന്റെ ജീവൻവരെ അപകടത്തിലാക്കുന്ന നിലയിലാക്കി. ഇതിനെപ്പററി നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടു് ഇന്നേവരെ വെളിച്ചംകണ്ടിട്ടില്ല. അതേപോലെതന്നെ വെള്ളത്തുള്ളിക്കായൽ പതിച്ചുകൊടുത്തതിനെതിരെ യൂത്ത് കോൺഗ്രസ്സുകാർ സമരം നടത്തിയപ്പോഴും പോലീസ് മുന്നറിയിപ്പൊന്നുമില്ലാതെ ലാത്തിച്ചാർജ്ജ് നടത്തി. സ്ത്രീകളും മർദ്ദിക്കപ്പെട്ടു. അന്നത്തെ ഗവർമ്മെണ്ടു് പോലീസ് നടപടികളെ ന്യായീകരിക്കാൻ സന്നദ്ധമായി.

## ചേരിതിരിവ്

തലശ്ശേരിയിലും പുല്പള്ളിയിലും പോലീസ്സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടപ്പോഴുണ്ടായ ചേരിതിരിവുകളും ഓർമ്മിക്കത്തക്കതാണ്. സ്റ്റേഷനാക്രമണക്കേസ്സിലെ പ്രതികൾ എന്നു കരുതപ്പെട്ടവരെ പോലീസ് നീചമായ രീതിയിൽ മർദ്ദിച്ചു. അജിതയെ മര്യാദകെട്ടരീതിയിൽ പ്രദർശനവസ്തുവായിക്കൊണ്ടു് നടന്നു. അന്നു രാഷ്ട്രീയ മുതലെടുപ്പു് നടത്തുകയെന്ന ലക്ഷ്യത്തോടെ വലതു് കമ്മ്യൂണിസ്റ്റുകാർ പ്രതികൾക്കുവേണ്ടി നിയമസഹായ കമ്മററികൾ ഉണ്ടാക്കാൻ ഓടിനടന്നുവെങ്കിൽ, ഇടതു് കമ്മ്യൂണിസ്റ്റുകാർ പോലീസിനെ കയറൂരിവിട്ടു് പ്രതികളെ കരിതേച്ചു കാണിക്കാനുള്ള ശ്രമമാണു നടത്തിയതു്.

(ശേഷം 13-ാം പേജിൽ)

"ഒരു പത്രപ്രവർത്തകനു് വെട്ടിത്തുറന്നു സംസാരിക്കാമോ?" ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമൊരുപോലെ വിവാദവിഷയമായ 'ബിറ്റ്വീൻദി ലൈൻസ്' എഴുതിയ കുൽദീപ് നയ്യാർ ആ മുഖത്തിൽ ചോദിക്കുന്ന ചോദ്യമാണ് മേലുദ്ധരിച്ചതു്" "ഒരു സ്വതന്ത്രസമൂഹത്തിൽ നിർഭയമായും നിഷ്പക്ഷമായും പൊതുജനങ്ങളെ വാർത്തകൾ അറിയിക്കുവാനുള്ള കടമ പത്രങ്ങൾക്കുണ്ടു്." എന്നു് അദ്ദേഹംതന്നെ സമാധാനം കണ്ടെത്തുന്നു. സ്വതന്ത്രമായ പത്രപ്രവർത്തനം അനുവദിച്ചിട്ടുള്ള ഈ രാജ്യത്തു് ഒരു പത്രപ്രവർത്തകൻ തനിക്കു് അർഹതയുള്ള ഏതു സ്ഥാനത്തുനിന്നും സ്ഥലത്തുനിന്നും വാർത്ത തേടുന്നതിലും നേടുന്നതിലും അവ പൊതുജനങ്ങൾക്കു നൽകുന്നതിലും ആരും തെറ്റുകാണുകയില്ല. പക്ഷെ ഒരുദ്യോഗസ്ഥൻ തന്റെ ഔദ്യോഗികകാലത്തെ അനുഭവങ്ങൾ പത്രക്കാരനായിമാറുന്ന കാലത്തു് പുസ്തകമാക്കി വിൽക്കുന്നതു് ന്യായീകരണങ്ങൾക്കതീതമാണു്. ഈ നിലയ്ക്കു് കാര്യങ്ങൾ നീങ്ങിയാൽ മന്ത്രികാര്യാലയങ്ങളിലെ ആർക്കും പത്രങ്ങളിലും പ്രസിദ്ധീകരണങ്ങളിലും സ്വയം വിലക്കുവയ്ക്കാം. 'ബിറ്റ്വീൻ ദി ലൈൻസിന്റെ' സ്രഷ്ടാവു് വരകളെല്ലാം കടന്നിരിക്കുന്നു. കാര്യങ്ങളുടെ യഥാർത്ഥ രൂപമറിയാൻ ഈ പുസ്തകവും 'വരികൾക്കിടയിൽ' വായിക്കേണ്ടിയിരിക്കുന്നു.

## പത്രക്കാർ—രാഷ്ട്രീയനേതാക്കളുടെ ദൗർബ്ബല്യം

ഈ പുസ്തകം "ഔദ്യോഗിക രഹസ്യച്ചട്ടങ്ങൾ (ഒഫീഷ്യൻസീക്രറ്റ്സ്ആക്റ്റ്)" ലംഘിച്ചിട്ടുണ്ടോ എന്നു് രാജ്യസഭയിൽ ചോദ്യം വരികയുകണ്ടായി. "നടപടികളൊന്നും എടുക്കാൻ ഉദ്ദേശമില്ലെന്നു മാത്രമായിരുന്നു പ്രസ്തുത ചോദ്യത്തിനു് ലഭിച്ച ഉത്തരം. ഒഫീഷ്യൻ സീക്രറ്റ്സ് ആക്റ്റ് ലംഘിക്കപ്പെട്ടിട്ടില്ല എന്നു് ആരും അഭിപ്രായപ്പെടുകയുണ്ടായില്ല. പത്രസാമ്രാജ്യങ്ങളെ പ്രീണിപ്പിക്കുക എന്നതു് തങ്ങളുടെ നിലനില്പിന്റെ അവശ്യമായ ഒരു ഭാഗമായി രാഷ്ട്രീയനേതാക്കൾ കരുതുന്നു. മന്ത്രിമാർ പോകുന്നിടത്തെല്ലാം നിഴലുപോലെ അനുയാത്രചെയ്യുന്ന ധാരാളം പത്രക്കാർ തലസ്ഥാനനഗിരിയിലുണ്ടു്. മന്ത്രിമാരോടൊപ്പം സ്വകാര്യപരിപാടികളിലുംനിശാവിരുന്നുകളിലും പങ്കെടുക്കുന്ന ഇവർ രാജ്യാന്തര രഹസ്യങ്ങൾ വരെ സ്വന്തം ഡയറിയിൽ പകർത്തുന്നു. സ്വന്തം രക്ഷിതാവായ നേതാവിന്റെ തിരോധാനത്തിനോമരണത്തിനോ ശേഷം പ്രസിദ്ധീകരണ കുത്തകകൾ അവ വിലക്കെടുക്കുന്നു. കുൽദീപ് നയ്യാർ ഇപ്പോൾ 'സ്റ്റേറ്റ്സ്മാൻ' പത്രാധിപരാണു്. അദ്ദേഹത്തിന്റെ കഥയും വിഭിന്നമല്ല. പണ്ഡിറ്റ്പാന്തും ലാൽബഹാദൂർ ശാസ്ത്രിയും ആഭ്യന്തരമന്ത്രിയായിരിക്കെ പബ്ളിക്‌റിലേഷൻസ് ഓഫീസറുടെ ജോലിയായിരുന്നു നയ്യാറിനു്. പി. ആർ. ഓ.വിന്റെ പ്രധാന ജോലി അതിരഹസ്യമായി വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിലായിരുന്നു എന്നു ഈ പുസ്തകം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. പത്രലോകത്തുനിന്നും ആഭ്യന്തരവകുപ്പുമന്ത്രിയുടെ പി. ആർ. ഓ ആയിവന്ന നയ്യാർ തന്റെ സ്വാധീനവലയം വികസിപ്പിച്ചതു് ശാസ്ത്രിയുടെ തണലിലാണു്. ശാസ്ത്രിയുടെ കാലശേഷം അദ്ദേഹം തിരിച്ചുപോയതും പത്രസാമ്രാജ്യത്തിലേക്കുതന്നെയാണു്. തന്റെ 'വളർത്തച്ഛന്റെ' മരണശേഷം അല്പം കാര്യങ്ങൾ തുറന്നുപറയുന്നതിലും അതിന്റെ ശരിയായ വിലവാങ്ങുന്നതിലും തെറ്റില്ലെന്നു നയ്യാർക്കു ബോദ്ധ്യമായി. തന്റെ പ്രസ്താവങ്ങളുടെ ഉപപത്തിയായി ആഭ്യന്തരമന്ത്രി കാര്യാലയത്തിലെ ഏതാനും രഹസ്യഫയലുകളും കയ്യിൽ കാലേ കരുതിരുന്നു "അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ തൊപ്പിയിൽ തുവലൊന്നു തുന്നിച്ചേർത്ത" കുൽദീപ് നയ്യാർ.

നയ്യാർ പറയുന്നേടത്തോളം കാര്യങ്ങൾ അഭിമാനഹത്യയുടേയും ആത്മക്ഷതത്തിന്റേതു മാണു്. നെഹറുവിനു ശേഷമുള്ള പ്രധാനമന്ത്രി തെരഞ്ഞെടുപ്പുകളും ദ്വിഭാഷാ സിദ്ധാന്തത്തിന്റെ ഉല്പത്തിയും ഡിവാല്വേഷന്റെ അണിയറ രഹസ്യങ്ങളും ഇന്തോ–റഷ്യൻ ബന്ധങ്ങളിലെ അസ്വാസ്ഥതകളും ചൈനയുടെ ഇന്ത്യൻ ആക്രമണത്തെപ്പറ്റിയുള്ള നാണംകെട്ട കഥകളുമാണു് നയ്യാർ തന്റെ പുസ്തകത്തിൽ വിവരിക്കുന്നതു്. പത്രപ്രവർത്തകന്റെ കഠിനാദ്ധ്വാനവും സൂക്ഷ്മ നിരീക്ഷണവും വഴികണ്ടെത്തുന്ന യാഥാർത്ഥ്യങ്ങളല്ലാ, പ്രത്യുത ഔദ്യോഗിക ജീവിതത്തിൽ ലഭിച്ച സൌകര്യങ്ങളാണു് പുസ്തകത്തിനു ആധാരമായിട്ടുള്ളതു്.

## മൂന്നു തെരഞ്ഞെടുപ്പുകൾ.

ഇന്ത്യൻ പ്രധാനമന്ത്രി പദംവഴി അലഹാബാദ് നേടിയ ഹാട്രിക്കാണു് ആദ്യഭാഗത്തിന്റെ പ്രതിപാദ്യം. (നെഹ്റുവും ശാസ്ത്രിയും ഇന്ദിരയും അലഹബാദ് നഗരത്തിൽ ജനിച്ചവരാണു്.) പ്രധാനമന്ത്രി തെരഞ്ഞെടുപ്പുകളിൽ സിൻഡിക്കേറ്റ് എന്ന പേരിൽ കുപ്രസിദ്ധി ആർജ്ജിച്ച കോൺഗ്രസ് നേതൃത്വവിഭാഗം വഹിച്ച പങ്കു് ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. കാമരാജ്, സഞ്ജീവറെഡ്ഡി, അതുല്യഘോഷ്, നിജലിംഗപ്പ, ശ്രീനിവാസമല്ലയ്യ ഇങ്ങിനെ അഞ്ചുപേർ അടുത്ത കോൺഗ്രസ് അദ്ധ്യക്ഷൻ ആരായിരിക്കണമെന്നു് അതിരഹസ്യമായി ആലോചിക്കുകയായിരുന്നു. പ്രത്യക്ഷമായി ഗ്രൂപ്പുകളിലൊന്നും പെടാത്ത ലാൽബഹദൂർശാസ്ത്രി കോൺഗ്രസദ്ധ്യക്ഷനാകട്ടെ എന്നിവർ തീരുമാനിച്ചു. ശാസ്ത്രി ഏതുപൂട്ടിനും പാകമാകുന്ന താക്കോലാണു് എന്നതായിരുന്നു ശാസ്ത്രിയെത്തന്നെ തങ്ങളുടെ സ്ഥാനാർത്ഥിയാക്കാൻ അവരെ പ്രേരിപ്പിച്ചതു്. 1963 ലെ ഒരു സായാഹ്നത്തിൽ തിരുപ്പതിയിലെ ഒരു ക്രാറൻ ബംഗ്ളാവിൽ വച്ചു് ഇങ്ങിനെ ഒരു തീരുമാനമെടുത്തവരാണു് പിൽക്കാലത്തു സിൻഡിക്കേറ്റ് എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങിയതു്.

കോൺഗ്രസ്സദ്ധ്യക്ഷസ്ഥാനത്തിനു് അതിനു മുമ്പുവരെ കല്പിക്കപ്പെട്ടിട്ടില്ലാത്ത പ്രാധാന്യം ഇക്കൂട്ടർ ദീർഘദർശനം ചെയ്തു. നെഹ്റു തന്റെ 'ജീവിതസന്ധ്യ'യിലായിക്കഴിഞ്ഞിരുന്നു. നെഹ്റുവിന്റെ കാലത്തു തന്നെ കോൺഗ്രസ്സ് അദ്ധ്യക്ഷനായി അവരോധിക്കപ്പെടുന്നയാളെ നെഹ്റു തന്റെ പിൻഗാമിയായി കണ്ടിരുന്നു എന്നു് പ്രചരിപ്പിക്കാൻ അതൊരവസരം തുറന്നു കൊടുക്കും. വാസ്തവത്തിൽ കോൺഗ്രസ്സദ്ധ്യക്ഷ സ്ഥാനത്തേക്കു് ശാസ്ത്രിയെ ഉയർത്തുകവഴി— അടുത്ത പ്രധാനമന്ത്രിയായി തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു്

---

★ ബിറ്റ്വീൽ ദ ലൈൻസ്
കുൽദീപ് നയ്യാർ
പേജ്–279. വില 4 രൂ.

വില കൽപ്പിക്കുന്ന ഒരാളെ ഒരുക്കി നിർത്തുകയായിരുന്നു അവർക്കു ചെയ്യേണ്ടിയിരുന്നതു്. പക്ഷെ നെഹ്റുവിന്റെ ഇഷ്ടപ്രകാരം കാമരാജ് കോൺഗ്രസ്സദ്ധ്യക്ഷനായി.

നെഹ്റുവിന്റെ മരണശേഷം ശാസ്ത്രിയും മൊറാർജിയും ഗോദായിൽ പ്രത്യക്ഷപ്പെട്ടു. സിൻഡിക്കേററിന്റെ സഹായത്തോടെ ശാസ്ത്രി മത്സരമില്ലാതെ തന്നെ പ്രധാന മന്ത്രിയായി. ഈ തെരഞ്ഞെടുപ്പ് കലവറയില്ലാത്ത അധികാര മത്സരത്തിന്റെ പ്രകടനമായിരുന്നു. തന്റെ കാലത്തിനുശേഷം ഇന്ദിര പ്രധാന മന്ത്രിയാകണമെന്ന് നെഹ്റു ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു പോലും. ഒരച്ഛൻ തന്റെ മകളുടെ രാഷ്ട്രീയ ഭദ്രതയ്ക്കായി സംഘടനയെ ശക്തിപ്പെടുത്താൻ എന്നപേരിൽ ചെയ്ത അതുല്യരാഷ്ട്രീയതന്ത്രമായിരുന്നു 'കാമരാജ് പ്ലാൻ.' കാമരാജ് പ്ലാൻ നടപ്പിലായതോടെ കോൺഗ്രസ്സിലെ വിള്ളലുകൾ ഏതാണ്ട് വ്യക്തമായിക്കഴിഞ്ഞിരുന്നു. മൊറാർജിദേശായിയുടെ എന്നെന്നേക്കുമായി നഷ്ടപ്പെട്ട അവസരങ്ങൾ ഇന്ദിരാഗാന്ധിയുടെ പൂർണ്ണ വിജയത്തിൽ കലാശിച്ചു. ആദ്യവട്ടം പ്രധാനമന്ത്രിയായതോടെ സിൻഡിക്കേററിന്റെ സ്വാധീനം നശിപ്പിക്കാനായി ഇന്ദിര നീക്കങ്ങളാരംഭിച്ചതായി ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു. (പേജ് 40) 1967 ലെ പ്രധാന മന്ത്രി തെരഞ്ഞെടുപ്പിൽ ഇന്ദിരയെ പിന്താങ്ങുകമാത്രമേ വഴിയുള്ളു എന്ന തരത്തിൽ സിൻഡിക്കേററ് അശക്തമായിക്കഴിഞ്ഞിരുന്നു.

## ഭാഷാപുരാണം

''വളരെ ചെറിയ ശതമാനമാളുകൾ മാത്രം കൈകാര്യം ചെയ്യുന്ന ഒരു വിദേശഭാഷയുടെ ഔദ്യോഗികമായ അംഗീകൃതാവസ്ഥ ഒരു ജനായത്ത ഭരണ ക്രമത്തിനും സഹിക്കത്തക്കതല്ല.'' ഇന്നും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല ഭാരതത്തിന്റെ ഭാഷാപ്രശ്നം. 1965 ജനുവരി 26-ാം തീയതിക്കു മുമ്പ് ഭാരതത്തിന്റെ ഔദ്യോഗിക ഭാഷ ഹിന്ദിയായിരിക്കണമെന്ന് ഭരണഘടനയിലെഴുതിവെച്ചിട്ടുണ്ട്. സാധാരണക്കാരന്റെ അഷ്ടിക്കു സഹായകമാവുന്ന നിയമങ്ങളെ ഭസ്മീകരിക്കുന്നതിന് കോടതികളും പിന്തിരിപ്പന്മാരുമെല്ലാം ഭരണഘടനയെ മറപിടിക്കാറുണ്ട്. ബാങ്കുകൾ ദേശവൽക്കരിക്കുന്നതിനും കാർഷിക ഭൂപരിഷ്ക്കരണങ്ങൾ നടപ്പിൽ വരുത്തുന്നതിനും എതിരായ വകുപ്പുകളും വ്യാഖ്യാനങ്ങളും കോടതികൾ ഭരണഘടനയിൽ മുങ്ങിത്തപ്പി പൊക്കിക്കൊണ്ടു വരുന്നുവെന്നു വരും. പക്ഷെ ഔദ്യോഗിക ഭാഷയെക്കുറിച്ച് അത്ഥശങ്കക്കിടമില്ലാതെ പറയുന്ന ഭരണഘടനയുടെ 343, 344 വകുപ്പുകൾ കോടതികളും ഭരണാധികാരികളുമെല്ലാം വേലികെട്ടി നിറുത്തിയിരിക്കുകയാണ്.

1963 പാർലിമെന്റു പാസ്സാക്കിയ ഔദ്യോഗിക ഭാഷാ ബിൽ അതുവരെയുള്ള തീരുമാനങ്ങൾക്ക് കടക വിരുദ്ധമാണ്. ഹിന്ദി സംസാരിക്കാത്ത സംസ്ഥാനങ്ങൾക്ക് നെഹ്റു കൊടുത്തിരുന്ന വാക്ക് രാജ്യ താല്പര്യത്തേക്കാൾ ഘനമുള്ളതാണെന്ന് നേതൃത്വം തീരുമാനിച്ചു. ഭാഷയുടെ കാര്യത്തിൽ നെഹ്റുവിന് ദേശീയ താല്പര്യത്തിൽ അധിഷ്ഠിതമായ വീക്ഷണമില്ലായിരുന്നു. പാശ്ചാത്യ രീതികളോടും സംസ്ക്കാരത്തോടും സ്വാഭാവികമായ അടിമത്വത്തിലായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അനിശ്ചിതത്വം അനുയായികൾ പിന്തുടരപ്പെടേണ്ട നയമായി തെററിദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഈ അനിശ്ചിതത്വത്തിന്റെ ഫലമാണ് 'ത്രി ഭാഷാ പദ്ധതി' ത്രിഭാഷാപദ്ധതി ഫലത്തിൽ ദ്വിഭാഷാ പദ്ധതിയായിത്തന്നെ അവശേഷിക്കുന്നതായി നയ്യാർ ചൂണ്ടിക്കാണിക്കുന്നു. ''ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ എടുത്തു ചാടിയതു് കേന്ദ്രഗവർമ്മെന്റിന്റെ വിഡ്ഢിത്തമായിരുന്നു എന്ന നിഗമനത്തിലാണ് നയ്യാർ എത്തിച്ചേരുന്നതു്. ''കഴിഞ്ഞ കാലങ്ങളിലെ അബദ്ധങ്ങളിൽ നിന്ന് ന്യൂഡൽഹി ഒരു പാഠംപഠിച്ചു കാണുമെന്ന് തോന്നുന്നു'' എന്ന് നയ്യാർ രണ്ടാംഭാഗമായ ഭാഷാപുരാണം അവസാനിപ്പിക്കുന്നു.

## മൂല്യശോഷണത്തെപ്പററി

1966 ജൂൺ 6-ാം നു- ആ വാർത്ത പുറത്തുവന്നു. ഭയാശങ്കകളോടെ ഭാരതീയർ വേദനിപ്പിക്കുന്ന ആ വാർത്തകേട്ടു. പാക്കിസ്ഥാനുമായുണ്ടായ യുദ്ധത്തിനു ശേഷം തന്നെ അതു പരന്നിരുന്നു. ഇന്ത്യ അതിന്റെ രൂപയുടെ വില കുറയ്ക്കുമെന്ന്. നെഹ്റുവിന്റെ കാലം മുതൽ തന്നെ മൂല്ല്യശോഷണമെന്ന പ്രക്രിയ തുടങ്ങിയിരുന്നു. ഗവർമ്മെണ്ടിന്റെ പ്രഖ്യാപനമില്ലാതെ തന്നെ. ഇക്കാര്യത്തെ ചുററിപ്പററി ശാസ്ത്രിയും അന്നത്തെ ധനകാര്യമന്ത്രി കൃഷ്ണമാചാരിയുമായി അഭിപ്രായവ്യത്യാസം തുടങ്ങിയിരുന്നു. ടി. ടി. കെ മൂല്ല്യശോഷണത്തിനെതിരായിരുന്നു.

പാക്കിസ്ഥാനുമായുണ്ടായ ഏററുമുട്ടലിനുശേഷം പാശ്ചാത്യ സാമ്പത്തിക സഹായം ഏതാണ്ട് നിലച്ച മട്ടിലായിരുന്നു. രൂക്ഷമായ വരൾച്ച ബീഹാറിനേയും, ഉത്തർപ്രദേശ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ് മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങളേയും ഗ്രസിച്ചിരുന്നു. വമ്പിച്ച കൃഷിപ്പിഴ ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം എന്നിവ ക്ഷാമത്തിലേക്ക് വിരൽ ചൂണ്ടി.

ഇന്ത്യ ക്ഷാമത്തിന്റെ വക്കിലായിരുന്നു. പട്ടിണി മരണങ്ങൾ ബീഹാറിൽ സാധാരണയായി. ഇന്ത്യയിലെ സാമ്പത്തിക വിദഗ്ദ്ധരും ഭരണനേതാക്കളും തിരക്കിട്ട കൂടിയാലോചനയിൽ മുഴുകി. അമേരിക്കയും ലോകബാങ്കും വഴി പറഞ്ഞുതന്നു. രൂപയുടെ വില കുറയ്ക്കുക. ഇതൊരു വ്യവസ്ഥയായി സ്വീകരിച്ചാൽ ലോകബാങ്ക് താൽക്കാലിക വൈഷമ്യങ്ങൾ തരണം ചെയ്യാൻ സഹായകമാകുന്ന വിധത്തിൽ വായ്പകൾ നൽകാമെന്നു ഇന്ത്യാ ഗവണ്മെണ്ടിനെ അറിയിച്ചിരുന്നു. .അമേരിക്കയുടെ സമ്മർദ്ദവും കനത്തതായിരുന്നു. സാമ്പത്തിക മന്ത്രി കാര്യാലയത്തിലെ ഉദ്യോഗസ്ഥന്മാർ ഡീവാല്വേഷനെ മോചനമാർഗ്ഗമായി പെരുപ്പിച്ചു കാണിക്കുന്ന റിപ്പോർട്ടുകൾ നിരവധി തയ്യാറാക്കി. ധനകാര്യ മന്ത്രി സചിൻ ചൗധരിയും അശോകമേത്തയും സുബ്രഹ്മണ്യവും ഡീവാല്വേഷൻ എന്ന ജനവിരുദ്ധ ഗൂഢാലോചനയ്ക്കു് അവസാന മിനുക്കുപണികൾ നടത്തി. ഉദ്യോഗസ്ഥന്മാരും സാമ്പത്തിക വിദഗ്ദ്ധരും (ഇവരിൽ പലരും വിദേശത്തു പോയി വിദ്യാഭ്യാസം ചെയ്തവരാണ്.) മൂല്ല്യശോഷണത്തിന്റെ ഐന്ദ്രജാലിക സിദ്ധികൾ പാടിപ്പുകഴ്ത്തി. ചുരുക്കത്തിൽ ലോകബാങ്കും അമേരിക്കയും ഇന്ത്യാഗവണ്മെൻറും കൂടി ഇന്ത്യൻ കറൻസി ചവച്ചുതുപ്പി. ഇന്ത്യൻ കറൻസിയുടെവില 57.5 ശതമാനം കുറച്ചു കൊണ്ട് ഗവണ്മെന്റ് ഉത്തരവായി. ഈ ഉത്തരവു പുറപ്പെടുവിക്കുന്നതു വരെയുള്ള വിദേശ സമ്മർദ്ദം ഹ്രസ്വമായി വിശദീകരിക്കുന്നുണ്ട് നയ്യാർ.

## ഇന്ത്യയും റഷ്യയും

രാജ്യാന്തര രാഷ്ട്രീയ കാര്യങ്ങളിൽ റഷ്യ

(ശേഷം 12-ാം പേജിൽ)

# കത്തുകൾ

## വിദ്യാർത്ഥിസമ്മേളനങ്ങൾ

കോട്ടയത്തും കോഴിക്കോട്ടും വെച്ച് നടന്ന രണ്ട് വിദ്യാർത്ഥിസമ്മേളനങ്ങളെ വിലയിരുത്തിക്കൊണ്ട് എം. എ. ജോൺ എഴുതിയ ലേഖനം വായിച്ചു. കെ. എസ്സ്. യു. വിൻെറ നേതാക്കൾ ആശയങ്ങൾക്കല്ലാ വ്യക്തികൾക്കാണ പ്രാധാന്യം നൽകുന്നതെന്നതിൻെറ പ്രത്യക്ഷ ഉദാഹരണമായിരുന്നു കോട്ടയം സമ്മേളനം. കോട്ടയം സമ്മേളനം ചിലരുടെ രാഷ്ട്രീയമായ സുരക്ഷിതത്വത്തിനും നിലനില്പിനും വേണ്ടി നടത്തിയ സമ്മേളനമെന്നതിൽ കൂടുതലായി ഈ രാജ്യത്തെ വിദ്യാത്ഥിവർഗ്ഗം അതിനെ കാണുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ രാഷ്ട്രീയ രംഗത്തും വിദ്യാർത്ഥി രംഗത്തും പ്രവർത്തിക്കുന്ന വർഗ്ഗീയ സംഘടനകളെ ഗവർമ്മെണ്ട് നിയമം മൂലം തടയേണ്ടതും സംവരണാദി വ്യവസ്ഥകൾ റദ്ദു ചെയ്യേണ്ടതുമാണ്. ഇവിടെ മുഗളന്മാരും വെള്ളക്കാരും ഭരിച്ചിരുന്ന കാലത്ത് സംവരണമോ ന്യൂനപക്ഷമോ ഉണ്ടായിരുന്നില്ല. ഇന്നു ഹിന്ദുവിനും മുസൽമാനും ക്രിസ്ത്യാനിക്കും ഭാരതീയനായി ജീവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. മതത്തേയും ജാതിയേയുംകാൾ മനുഷ്യത്വത്തെ മാനിക്കുന്ന ജനതതിയാണിന്നത്തെ ആവശ്യം. ദൈവവും മതവും കടംകഥകളായി അവശേഷിക്കേണ്ടിയിരിക്കുന്നു. അതു വേണ്ടവണ്ണം മനസ്സിലാക്കി കെ. എസ്സ്. യു. നേതൃത്വം പ്രവർത്തിച്ചാൽ, കർമ്മ പരിപാടികൾക്കു രൂപം നൽകിയാൽ എം. എസ്സ്. എഫ്. തുടങ്ങിയ വർഗ്ഗീയ സംഘടനകൾ നാമാവശേഷമാകും. നേതൃത്വം അതിനു തയാറാകുന്നില്ലെങ്കിൽ കെ. എസ്സ്. യു. വിൻെറ പ്രവർത്തകർ നേതൃത്വത്തെകൊണ്ട് അതിനു തയാറാക്കണം. കെ. എസ്സ്. യു. വിൻെറ അടുത്ത സമ്മേളനമെങ്കിലും തങ്ങൾക്കുപററിയ തെററു മനസ്സിലാക്കുമെന്നും വിദ്യാർത്ഥി വർഗ്ഗത്തെ ബോധവാന്മാരാക്കുമെന്നും നമുക്ക് വിശ്വസിക്കാം.

എം. എസ്സ്. ഇസ്മായിൽ,
കുടയത്തൂർ മണ്ഡലം
യൂത്ത് കോൺഗ്രസ്സ് സെക്രട്ടറി, കാഞ്ഞൂർ

X X X X

## പുറംചട്ട വേണം

രണ്ട് ലക്കവും വായിച്ചു. 'കാഴ്ചപ്പാടുകൾ' വായനക്കാരിലും നല്ല കാഴ്ചപ്പാടുണ്ടാക്കുമെന്നതിൽ സംശയമില്ല. നിറമുള്ള പുറംചട്ട ആളുകളുടെ ശ്രദ്ധയാകർഷിക്കാൻ 'പര്യാപ്ത'മാകും. പരസ്യം ഇല്ലാത്തതുകൊണ്ട് വിലകൂടുതലിനെപ്പററി ഒന്നും പറയുന്നില്ല. പിന്നെ 'അഭിപ്രായങ്ങൾ' പ്രസിദ്ധപ്പെടുത്തി പത്രസ്ഥലം നഷ്ടപ്പെടുത്തരുതെന്ന അഭിപ്രായമാണെൻേറത്.

ആർ. രവീന്ദ്രൻ,
മുൻസിപ്പൽ ഓഫീസ്, ചേർത്തല,

X X X X X

തൽക്കാലം പേജുകൂട്ടുവാൻ പററില്ലെങ്കിലും 'നിർണ്ണയ'ത്തിനു പുറം ചട്ട അത്യാവശ്യമാണ്. ആയതിനാൽ' അടുത്ത ലക്കംതൊട്ടെങ്കിലും എൻെറ ആവശ്യം പരിഗണിക്കണം. പൊതുജനങ്ങളുടെ അഭിപ്രായത്തെ മാനിച്ചു പ്രവർത്തിക്കുന്ന നമ്മൾ, ഈയാവശ്യം നിർവഹിച്ചാൽ, എ ജൻറുമാരായ കുറച്ചുപേർക്ക് ആശ്വാസം കിട്ടും.

വി. എഫ്. ജോർജ്ജ്.

X X X X

(ഫെബ്രുവരി 8നു- ഞായറാഴ്ച പ്രസിദ്ധികരിച്ച രണ്ടാം ലക്കത്തിൽ ചേർത്തിരുന്നതും വി. എഫ്. ജോർജ്ജ് പുള്ളിക്കൽവീട്, ചെത്തിക്കോട്, എഴുതിയതുമായ കത്തിൽ സൂചിപ്പിച്ചിട്ടുള്ളത് "കത്തുകൾ" എന്ന പംക്തി ആവശ്യമില്ലെന്നാണ്"

(പത്രാധിപർ)

X X X X

## ചിന്താശൈലി ഇഷ്ടപ്പെട്ടു

'നിർണ്ണയ'ത്തിൻെറ ആദ്യലക്കങ്ങൾ രണ്ടും വായിച്ചു. രാഷ്ട്രീയ-സാംസ്കാരിക–സാമ്പത്തിക മണ്ഡലങ്ങളിലുള്ള, പുരോഗതിക്കു തടസ്സമായി നിൽക്കുന്ന ശക്തികളേയും അവയെ നിയന്ത്രിക്കുന്ന സ്വഭാവങ്ങളേയും അടിസ്ഥാനപരമായി വിലയിരുത്തുന്ന ചിന്താശൈലി വളരെ ഇഷ്ടപ്പെട്ടുവെന്നു പറയട്ടെ.

സമൂല പരിവർത്തനത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള വിപ്ലവാഹ്വാനങ്ങൾ ഫാഷനായിട്ട് അംഗീകരിക്കുകയും, ആനുകാലിക ജീവിതത്തിൻെറ സങ്കീർണ്ണമായ പ്രശ്നങ്ങളിൽ നിന്നു തന്ത്രപൂർവ്വം വഴുതി മാറി നിന്നുകൊണ്ടു്, സ്വാർത്ഥതക്കും സങ്കുചിത ലക്ഷ്യങ്ങൾക്കും താത്വികാവരണം നൽകി, ഉട്ടോപ്യൻ ആദർശവാദം നടത്തി, സാമൂഹ്യ പ്രസ്ഥാനങ്ങളെ വ്യാപാരശാലകളാക്കിത്തീർക്കുന്നവരെ, വിലയിരുത്താനുള്ള ചുവട് വെപ്പാണ് 'നിർണ്ണയ'ത്തിൻേറതെന്നു ആദ്യമേ വിലയിരുത്തുന്നു. 'വരികൾക്കിടയിൽ വായിക്കുമ്പോഴും', കാഴ്ചപ്പാടുകളും രസം തോന്നുന്നു.

'സാഹിത്യം' എന്ന പംക്തിയുവജനതക്കു ചൂടും പ്രകാശവും കൊടുക്കാൻ പോന്നതാണ്. വിലയുംട് കാശും അല്പം കൂടുതലാണ്. ഇരുപത്തിയഞ്ചു പൈസക്കു വിൽക്കാനുള്ള പരിപാടിയിട്ടാൽ—പരിതസ്ഥിതി അനുവദിക്കുമെങ്കിൽ—സ്വീകാര്യമായിരിക്കും.

എ. ആർ. ചിതംബരം,
കുന്നിൻപുറത്ത്, പി. ഒ. വയലാ

X X X X

## ഒന്നാംതരം

'നിർണ്ണയ'ത്തിൻെറ രണ്ടു് ലക്കങ്ങളും കിട്ടി. ഒന്നാന്തരം, ഒന്നാന്തരം എന്നാണ് എനിക്കു തോന്നിയതു്. ഇന്ത്യയിലെ പുതിയ തലമുറ സ്വപ്നം കാണുന്ന നവീന ഭാരതം സാക്ഷാൽക്കരിക്കുവാൻ ജനങ്ങളെ ഏതുവിധത്തിൽ ചിന്തിപ്പിക്കണം എന്നു താങ്കൾക്കറിയാം, സ്ഥാപിത താല്പര്യക്കാരുടെ പിടിയിൽ അമർന്നു കിടക്കുന്ന കേരളത്തിലെ രഷ്ട്രീയ–സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ സമൂലമായ പരിവർത്തനത്തിനു ദാഹിക്കുന്ന യുവാക്കൾക്കു് താങ്കൾ ധീരമായ നേതൃത്വം നൽകുകയാണ ചെയ്യുന്നതു്.'നിർണ്ണയ'ത്തിനു ചൈതന്യമിയററുവാൻ എന്നാൽ കഴിയുന്നതെന്തും ഞാൻ ചെയ്യുമെന്നു ഉറപ്പു തരുന്നു. 'കാഴ്ചപ്പാടുകൾ' എഴുതുന്ന രാജൻ 'മാതൃഭൂമി'യിലാണോ? അതാണ ഏററവും നല്ല പംക്തി.

എസ്സ്. കെ. മാധവൻ,
പ്രസിഡൻറ്, ബ്ളോക്കു്
യൂത്ത് കോൺഗ്രസ്സ് കമ്മിററി,
തളിപ്പറമ്പ്..

('മാതൃഭൂമി'യുടെ സ്റ്റാഫ് റിപ്പോർട്ടർ പി. രാജനാണ് 'കാഴ്ചപ്പാടുകൾ' എഴുതുന്നതു്– പത്രാധിപർ.)

## ധീരത

നിങ്ങളുടെ വാരിക രണ്ടു ലക്കങ്ങൾ കണ്ടു. “ഹൈക്കോടതി ജനകീയാധികാരം തട്ടിപ്പറിക്കരുത്.” എന്ന ലേഖനം ഉജ്ജ്വലമായിരിക്കുന്നു. അതുപോലെ മററു ലേഖനങ്ങളും വിലപിടിച്ചതായിതോന്നി. ഇന്നത്തെ കാലത്ത് ഇത്തരം ഒരു വാരികയുമായി രംഗത്ത് വന്നിരിക്കുന്ന നിങ്ങൾ സാഹസിക ബുദ്ധിയെക്കാൾ ധീരതയാണു കാണിച്ചിരിക്കുന്നതെന്നു എനിക്കു തോന്നുന്നു. ഈ ലോകം ധീരന്മാർക്കുള്ളതാണ്. അതുകൊണ്ട് മുന്നോട്ടു പോകുക.

കെ. വി. കെ. വാരിയർ,
അഡ്വക്കേററ്, ഇരിങ്ങാലക്കുട.

X X X

## സിനിമാ നിരൂപണം വേണ്ട

‘നിർണ്ണയം’ തീർച്ചയായായിട്ടും പുരോഗമന വിരോധികൾക്കും ഇന്നത്തെ നിയമ വ്യവസ്ഥിതിയെ പൂവിട്ടാരാധിക്കുന്ന മുതലാളിവർഗ്ഗത്തിനും കനത്ത ഭീഷണിയാണ്. ആദ്യലക്കത്തിൽ തന്നെ ഇന്നത്തെ നിയമ വ്യവസ്ഥിതിയുടെ പൊള്ളത്തരം തുറന്നു കാണിക്കുന്നതിനു പി. രാജൻെറ ലേഖനത്തിനു കഴിഞ്ഞു. രണ്ടാം ലക്കവും ആദ്യലക്കത്തിനു സമാന്തരമായി കടന്നുപോയിരിക്കുന്നു. രണ്ട് ലക്കത്തിലും സിനിമാനിരൂപണത്തിനുവേണ്ടി ഒരു പേജ് വീതം വിനിയോഗിച്ചിരിക്കുന്നു. ഈ പംക്തി അവസാനിപ്പിക്കണമെന്നാണ് എൻെറ അഭിപ്രായം.

വി. കെ. ജോൺസൺ,
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

X X X

## കെട്ടും മട്ടും കൊള്ളാം

രണ്ട് ലക്കവും വായിച്ചു. കുറിപ്പുകളും കാഴ്ചപ്പാടും എനിക്ക് ഇഷ്ടപ്പെട്ടു. കെട്ടും മട്ടും ഒക്കെ കൊള്ളാം. ഇനിയും കൂടുതലായും ഭംഗിയായും എഴുതി നമ്മുടെ..... താങ്കളുടെ ‘നിർണ്ണയം’ നിലനിർത്തുക.

ആൻറണി, അപ്പങ്ങാട്ട്.

---

നന്നായി, ഒന്നാംതരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു അഭ്യർത്ഥിക്കുന്നു. വാരികയിൽ വരുന്ന ലേഖനങ്ങളെക്കുറിച്ച് ഗൌരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണ് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും ആശങ്ങളേക്കുറിച്ചും വിഷയങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക.—

പത്രാധിപർ.

---

# പാർളിമെൻറും സുപ്രീംകോടതിയും

(കഴിഞ്ഞ ലക്കത്തിൽ നിന്നുതുടർച്ച)

ഭരണഘടനാ വ്യവസ്ഥയനുസരിച്ച് നീതിപൂർവ്വമാണോ അല്ലയോ എന്നു നിശ്ചയിക്കേണ്ടതിനുള്ള സമ്പൂർണ്ണാധികാരം പാർളിമെൻറിനും നിയമസഭകൾക്കും തന്നെയായിരിക്കണം. പാർളിമെൻറും ജനങ്ങളും പറയുന്നതിൽ കവിഞ്ഞ് മററൊന്നും തന്നെ ‘നീതിപൂർവ്വ’ത്തിൻെറ അളവുകോലാകാൻ പാടില്ല. ബാങ്ക് ദേശസാൽക്കരണ നിയമമനുസരിച്ച് 14 ബാങ്കുകൾക്കു ബാങ്കിങ്ങ് വ്യവസായത്തിലേർപ്പെടാൻ പാടില്ലെന്നു പറഞ്ഞിരിക്കുന്നതു് ദ്രോഹകരമായ വിവേചനമാണെന്നാണ് സുപ്രീം കോടതി പറയുന്നത്. എന്നാൽ ജസ്റ്റിസ് റേ പറയുന്നു ഇതു നീതിപൂർവ്വമാണെന്ന്. ഈ രാജ്യത്തെ ജനങ്ങളും പാർളിമെൻറും ഒരു സുപ്രീം കോടതി ജഡ്ജിയും നീതിപൂർവ്വമാണെന്നു കരുതുന്ന കാര്യം 10 ജഡ്ജിമാർ മാത്രം മറിച്ചു പറഞ്ഞാൽ നീതിപൂർവ്വമല്ലാതാകുന്നത് എന്ത് ജനാധിപത്യ നീതിയാണ്. ഒന്നിനെതിരെ പത്തു പേരുടെ വീക്ഷണമാണു്—നിജമായ നിയമ വ്യവസ്ഥയൊന്നുമല്ലാ — സുപ്രീംകോടതി വിധിക്കടിസ്ഥാനം. കോടിക്കണക്കിനാളുകളുടേയും പാർളിമെൻറിൻേറയും വീക്ഷണത്തിനാണു പത്തു് ജഡ്ജിമാരുടെ വീക്ഷണത്തേക്കാൾ ജനാധിപത്യ വ്യവസ്ഥിതിയിൽ വിലയുള്ളതെന്ന് അംഗീകരിക്കുകതന്നെ വേണം.

പിന്നെ നഷ്ട പരിഹാരം പര്യാപ്തമല്ലെന്നാണു് സുപ്രീംകോടതിയുടെ മററൊരാക്ഷേപം. ജനങ്ങൾ നിക്ഷേപിച്ച പണം പലിശക്കു കൊടുത്തുണ്ടാക്കിയ ലാഭം കൊണ്ടു് വളർന്നതാണു് ബാങ്കുകൾ എന്നോർക്കണം. അങ്ങിനെ വളർന്നു വന്ന ബാങ്കുകൾ സ്വന്തം കമ്പനികൾക്കു തന്നെ പണം കടം കൊടുക്കുകയും പണക്കാരൻ കൂടുതൽ പണക്കാരനാവുകയും ചെയ്യുവെന്നതാണ് സ്ഥിതി. ഈ സ്ഥിതിക്കു മാററമുണ്ടാക്കുകയാണ് ബാങ്ക് ദേശസാൽക്കരണത്തിൻെറ സാമൂഹ്യോദ്ദേശം. അപ്പോൾ പിന്നെ ഒററയടിക്കു വിപണി വിലക്കു നഷ്ട പരിഹാരം കൊടുത്താൽ ബാങ്ക് ദേശസാൽക്കരിച്ചതു കൊണ്ടു ഗവർമ്മെണ്ടിനു കിട്ടുന്ന പണം കൊണ്ടു് പ്രയോജനില്ലാതെ വരും.

മററൊരുത്തൻെറ സ്വത്ത് പിടിച്ചെടുക്കരുതെന്നാണല്ലോ സ്വകാര്യ സ്വത്തവകാശത്തിൻെറ പിന്നിലെ ധർമ്മം. നാട്ടുകാരുടെ പണം കൊണ്ടു് കച്ചവടം ചെയ്തു് സ്വന്തം സ്വത്തു് മാത്രം വർദ്ധിപ്പിക്കുന്നതും ധർമ്മമല്ലെന്നു പാർലിമെൻറിനു തോന്നിയാൽ തെറെറന്താണ്? ഈ നിലക്കു നഷ്ടപരിഹാരത്തിൻെറ അപര്യാപ്തത കണക്കാക്കിയാൽ ഭൂപരിഷ്ക്കരണ നിയമമനുസരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കാൻ. സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ഭരണഘടന പലവട്ടം ഭേദഗതി ചെയ്തതു്. ബാങ്കിങ്ങ് കമ്പനികളിലെ ഓഹരികൾ വിപണി വിലക്കു മേടിച്ച് ബാങ്കുകൾ ഗവർമ്മെണ്ടു് ഉടമയിലാക്കുകയാണ് വേണ്ടിയിരുന്നതെന്നു സുപ്രീം കോടതി നിർദ്ദേശിക്കാഞ്ഞതു് നന്നായി.

നമ്മുടെ ഭരണഘടനയെന്ന കീറഭാണ്ഡത്തിൻെറ യഥാർത്ഥസ്ഥിതി പരിശോധിക്കുവാൻ സുപ്രീം കോടതി വിധി ഉപകരിക്കുമെങ്കിൽ നന്നായിരുന്നു. ഭരണഘടനയിൽ ഗവർമ്മെണ്ടിൻെറ നടപടികൾക്കു നിർദ്ദേശക തത്വങ്ങളായി കുറെകാര്യം പറഞ്ഞുവെച്ചിട്ടുണ്ടല്ലോ. ആ തത്വങ്ങളിൽ ചിലവയെങ്കിലും ചെറിയ തോതിൽ നടപ്പിലാക്കുന്നതിനു സുപ്രീം കോടതിയും ഹൈക്കോടതികളും തടസ്സം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണു. നിയമം എന്നും സമൂഹത്തിൻെറ പിന്നിലാണെന്നാണു പറയാറുള്ളതു്. അതുകൊണ്ട് സമൂഹത്തിൻെറയാവശ്യമനുസരിച്ച് കോടതികൾ നിയമം വ്യഖ്യാനിക്കണമെന്നാണ് വെപ്പ്’. ഇവിടെ സമൂഹത്തിൻെറ പിന്നിലാണ് നിയമമെങ്കിൽ’ നിയമത്തിൻേറയും പിന്നിലാണ് ജഡ്ജിമാർ. അ

## കുടിയായ്മകൾ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

ഭരണയന്ത്രത്തിലെ വീഴ്ചകൾ കാരണം കുടിയായ്മകൾ വീണ്ടും പ്രത്യക്ഷപെട്ടിട്ടുണ്ട്. പ്രൊഫസർ വി. എം. ദണ്ഡേക്കർ പറയുന്നു. 'കുടിയായ്മ അവസാനിപ്പിക്കാൻ യഥാർത്ഥത്തിൽ സാദ്ധ്യമല്ലെന്നു തെളിഞ്ഞു വരുകയാണ്. കുടിയാന്മാർക്കു ഉടമാവകാശം കൈമാറിക്കൊണ്ട് കുടിയായ്മകൾ അവസാനിപ്പിച്ചുകിണ്ടിരിക്കെതന്നെ, പുതിയ കുടിയായ്മകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. അവയെനിരന്തരം കൈകാര്യം ചെയ്തുകൊണ്ടിരിക്കേണ്ടിവരും'' (ഫ്രം അഗ്രേറിയൻ റിയോർഗനൈസേഷൻ ടു ലാറൻറിഫോംസ്.'' അർത്ഥവിജ്ഞാനം, പൂന മാർച്ച് 1964) കുടിയാനും ജന്മിയും തമ്മിലുള്ള ബന്ധംസൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കാനുള്ള ഒരുസംവിധാനത്തിൻെറ അഭാവമാണിതിനുകാരണം രണ്ടാം പദ്ധതിയുടെ അവസാനകാലത്ത്

കുന്നു. ഒരു കണക്കനുസരിച്ച് ഗ്രാമീണ കുടുംബങ്ങളിൽ നാല്പത്തിയേഴ ശതമാനവും ഭൂമി സ്വന്തമായിട്ടില്ലാത്തവരോ ഒരേക്കറിൽ താഴെ ഭൂമിമാത്രം സ്വന്തമായുള്ളവരോ ആണ്. ആകെ ഭൂമിയുടെ ഒരു ശതമാനം മാത്രമാണ് അവർക്കുള്ളതു്. 74 ശതമാനം കുടുംബങ്ങൾ ഭൂമിയില്ലാത്തവരോ അഞ്ചേക്കറിൽ താഴെ ഭൂമിമാത്രം

---

**കെ. അരവിന്ദാക്ഷൻ**

---

കൈവശമുള്ളവരോ ആണ് ആകെ ഭൂമിയുടെ. 16ശതമാനം മാത്രമണ് അവക്കുള്ള ഓഹരി. 30ഏക്കറോഅതിൽക്കൂടുതലോ ഭൂമി കൈവശത്തിലുള്ളവരാണ്ഗ്രാമകുടുംബങ്ങളിൽ 2·5 ശതമാനം ആകെ രാജ്യത്തുള്ള ഭൂമിയുടെ 28 ശതമാനവും അവരുടെ കൈവശത്തിലാണ്. 40 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള ഒരു ശതമാനംകുടുംബങ്ങളാണ് രാജ്യത്തൊട്ടാകെയുള്ള ഭൂമിയുടെ 20 ശതമാനവും കയ്യടക്കിവെ

ൽ പറയുന്നുണ്ട് ''ഭൂപരിധി നിയമത്തിൽ നിന്നൊഴിഞ്ഞുമാറാൻ ശ്രമിക്കുന്ന ഭൂവുടമകൾ കുടിയാന്മാരിൽ നിന്നു ഭൂമി ഒഴിപ്പിച്ചെടുക്കുന്നതു് വഴിയുണ്ടാകുന്ന കാർഷിക സംവിധാനത്തിലെ പുനസ്സംഘടനയുടെ ഫലമായി കാർഷിക വിളവ്ക്കു് മെച്ചമുണ്ടാകുമോ എന്ന പ്രശ്നമുണ്ട്. പരമ്പരാഗതമായ പെരുമാററ രീതിമാററി വൻകിടക്കാർ കൃഷിയിൽ നേരിട്ടു താൽപ്പര്യം പ്രകടിപ്പിക്കുന്നതിൻേയും സാങ്കേതിക പരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്നതിൻേയും ചില ഉദാഹരണങ്ങൾ കാണാം. പ്രത്യേകിച്ചുംപഞ്ചാബ്,ഗുജറാത്ത്, ആന്ധ്രാ, മൈസൂർ എന്നിവിടങ്ങളിൽ; പക്ഷേ അത് സാധാരണമല്ല. മേൽനോട്ടം നടത്തുന്ന തരത്തിലുള്ള ജോലിയിൽ നിന്നു പോലും ഒഴിഞ്ഞു നില്ക്കുന്നത് അന്തസ്സിനു നല്ലതാണെന്ന ധാരണ തുടരുന്നു. മാത്രമല്ല, കാർഷികപരിഷ്കരണ ങ്ങൾക്കു ചെലവഴിക്കുന്ന പണത്തിൽ നിന്നുള്ള ആദായം, പണം കടംകൊടുക്കൽ, കച്ചവടംചെയ്യൽ എന്നി

# ഭൂപരിഷ്ക്കരണങ്ങൾ: കഴിഞ്ഞതും വരേണ്ടതും

ഈയാവശ്യത്തിനുവേണ്ടി, കേന്ദ്രകൃഷിവകുപ്പ് മന്ത്രി ചെയർമാനായി രൂപൽകരിച്ച കമ്മററിപദ്ധതിയുടെ ഒഴിവുകാലത്തോടുകൂടി പ്രവർത്തന ശൂന്യമായി.

ഇത്തരംവീഴ്ചകൾ തുടരുന്നതു നിമിത്തം ഭൂവുടമസ്ഥതയിൽ കുത്തകകൾ വളരാനും, മുതലാളിത്ത ബന്ധങ്ങളുടെ ക്രമാനുഗതമായ വളർച്ചകൊണ്ടു അർദ്ധജന്മിത്വചൂഷണത്തിൻെറ കടുപ്പം കൂടാനും ഗ്രാമീണസംഘർഷങ്ങൾ വർദ്ധിക്കാനുമിടയാ

---

ങ്ങിനെയുള്ള ജഡ്ജിമാർക്കു ഭരണഘടനകൊടുത്തിട്ടുള്ളപരിരക്ഷകളാണെങ്കിൽആന കുത്തിയാൽ ഇളകാത്തവയാണ്. ഒരിക്കൽ ജഡ്ജിയാക്കിയാൽ പിന്നെ അയാൾക്കു ഭ്രാന്തുവന്നാലും ചുമക്കുകയേ നിവൃത്തിയുള്ളൂ. ഹൈക്കോടതി ജഡ്ജിക്കോ സുപ്രീം കോടതി ജഡ്ജിക്കോ ഭ്രാന്തുപിടിക്കുന്നതു് നാടകകൃത്തുക്കൾക്കു 'കോമഡി' എഴുതാൻ നല്ലവിഷയമായിരിക്കും

മൌലികാവകാശങ്ങൾഭേദഗതിചെയ്യാൻ സധ്യമല്ലെന്നു സ്വയം വിധിക്കുകയും ആ മൌലികാവകാശങ്ങളെ സാമൂഹ്യതാല്പര്യത്തിനു വിരുദ്ധമായിവ്യാഖ്യാനിക്കുകയും. ചെയ്യുന്ന സുപ്രീംകോടതിയെ നിലക്കുനിർത്താൻ ഉടനടി നടപടികളെടുത്തേ പററൂ

000000

ച്ചിരിക്കുന്നത്.

## നല്ല ലക്ഷ്യങ്ങൾ സ്വയം പരാജയപ്പെടുന്നു.

ചില സംസ്ഥാനങ്ങളിൽ ഭൂപരിധി നിശ്ചയിച്ചിട്ടുള്ളത് വളരെ കൂടുതലാണ്. ഇതുകാരണം വിതരണത്തിനായി മിച്ചഭൂമിയൊന്നും ലഭിക്കുന്നില്ല. എത്രയൊക്കെ നിഷേധിച്ചാലും ശരി പഴയ ജന്മിത്വബന്ധങ്ങൾ എന്തു മാത്രം തുടർന്നുവരുന്നുണ്ടെന്ന് ആസൂത്രണ കമ്മീഷൻ തന്നെ തുറന്നു സമ്മതിക്കുന്നതിൽ നിന്നുവ്യക്തമാകും ''ആസൂത്രിതമായ അടിസ്ഥാനത്തിൽ ഭൂരഹിതർക്ക് ഭൂമി പുനർ വിതരണം നടത്തുക എന്നതാണല്ലോ ഭൂപരിധി നിശ്ചയിക്കുന്നതിൻെറ മുഖ്യലക്ഷ്യം. അത് മിക്കവാറും പരാജയപ്പെട്ടിരിക്കുന്നു. ആശ്രയിക്കാവുന്ന സ്ഥിതി വിവരകണക്കുകളില്ലാത്തതു കൊണ്ട്, കൈമാററങ്ങൾവഴി കാർഷികത്തൊഴിലാളികൾക്കോ, ചെറുകിട കർഷകർക്കോ ഭൂമി ലഭിച്ചിട്ടുണ്ടെന്നും പറയാനാവില്ല'' (ദി ഡ്രാഫ്ട് ഔട്ട് ലൈൻ ഓഫ് ദി ഫോർത്ത് പ്ലാൻ)

നിയമവിരുദ്ധമായി ഭൂമി പാട്ടത്തിനു കൊടുക്കുന്നതു് പോലുള്ള പഴയ ജന്മിത്വ സമ്പ്രദായങ്ങൾ ഇന്നും നിർബ്ബാധം തുടരുന്നുണ്ടെന്നു പ്രൊഫസർഗ്ഗുന്നാർമിർഡ

ങ്ങനെ മെയ്യനങ്ങാതെയുള്ള ജോലികളിൽ നിന്നുള്ള ആദായവുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതായിരിക്കില്ല. കുടിയാന്മാരുടെ സ്ഥാനത്ത് കൂടുതൽ ഭദ്രമായ നിലയുള്ളവരും വിളവിൽ പങ്കുപററുന്നവരുമായവർ പ്രതിഷ്ഠിക്കപ്പെടുകയാണു ഇതിൻെറ ഫലം. (എഷ്യൻഡ്രാമ വോള്യം 11 പേജ് 1319-20)

## ഒഴികഴിവുകൾ

മുതലാളിത്ത കൃഷിയുടേയും ജന്മിത്വത്തിൻേറയും കപടവക്താക്കൾ നിലവിലുള്ള ഏർപ്പാടുകളെ ന്യായീകരിക്കുന്നതു് വൻകിട കൃഷിയിടങ്ങൾ ചെറുകിട കൃഷിയിടങ്ങളേക്കാൾ ഉല്പാദനക്ഷമമായിരിക്കുമെന്നാണ്. പക്ഷേ, കേന്ദ്രഭക്ഷ്യ കാർ

'നിർണ്ണയ'ത്തിൽ
ഉടനെ
പ്രസിദ്ധപ്പെടുത്തിത്തുടങ്ങുന്നു.
"ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം"
ഇന്ത്യൻ സെക്കുലർ
സൊസൈററിയുടെ
പ്രമുഖ നേതാവായ
ഹമീദ് ദൽവായ് എഴുതിയ
പുസ്തകത്തിൻെറ
മലയാള വിവർത്തനം.

ഷിക വകുപ്പ് നടത്തിയ കാർഷിക ഭരണ പഠനത്തിന്റെ റിപ്പോർട്ട് തീരെ വ്യത്യസ്തമായ ഒരു ചിത്രമാണ് വരക്കുന്നത്. കാർഷിക ഭരണത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ വിശകലനം ചെയ്തുകൊണ്ട്, എർവിൻ ജെ. ലോങ്ങ് അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ ചെറുകിട കൃഷിയിടങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതികൾ വൻകിട കൃഷിയിടങ്ങളിൽ നടക്കുന്നതായി കണ്ടുകയില്ല.........വളരെ വൈദഗ്ദ്ധ്യം വേണ്ട ചില തോട്ട വിളകളുടെ കാര്യത്തിലൊഴിച്ചാൽ, —ഒരേക്കറിനുള്ള ഉൽപ്പാദനക്ഷമത ചെറുകിട ഭൂമിയിലും വൻകിട ഭൂമിയിലും സമമാണെന്നു തോന്നുന്നു. ഒരു പക്ഷെ കൃഷിയിടം വലുതാകുംതോറും ഉൽപ്പാദന ക്ഷമത കുറഞ്ഞു വരികയാണ്" ("ഇക്കണോമിക് അഫയേഴ്സിൽ" ഉദ്ധരിച്ചിട്ടുള്ളത്—ഫോർത്ത് പ്ലാൻസിമ്പോസിയം നമ്പർ ജൂലായ്—ആഗസ്റ്റ് 1969 പേജ് 360). മണ്ണ്, കാലാവസ്ഥ, വിളസമ്പ്രദായം എന്നിവയുടെ സ്ഥിതി ശരാശരി നിലവാരത്തിൽ നിന്നാൽ, അഞ്ചു മുതൽ ഏഴ് ഏക്കർ വരെയുള്ള നിലം ഒരു കുടുംബത്തിനു വേണ്ട കൃഷിയിടമായി കണക്കാക്കാവുന്നതാണ്. ഈയടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ട ഭൂപരിധി 25 ഏക്കറാണ്. മിക്ക സംസ്ഥാനങ്ങളിലും ഭൂപരിധി ഇതിലും കവിഞ്ഞതാണ്. ഇതിന്റെ ഫലമായി ഭൂരഹിതർക്കു വിതരണം ചെയ്യുന്നതിനായി മിച്ചഭൂമിയൊന്നും ലഭിക്കുന്നില്ല. കുടിയാന്മാർക്കു ഉടമാവകാശം കൈമാററം ചെയ്യുന്നതിനെപററിയും ഭൂരഹിതരായ കരഷകരെ പുനരധിവസിപ്പിക്കുന്നതിനെപ്പററിയും കൃഷിയുടെ പുനസ്സംഘടനയെപ്പററിയും വളരെ കൊട്ടിഘോഷിക്കുന്ന നാലാം പദ്ധതിയുടെ കരട് പ്രമാണം ഭൂപരിധി കുറയ്ക്കണമെന്ന കാര്യത്തിൽ നിന്നു ഒഴിഞ്ഞുമാറുകയാണ്. തോട്ടങ്ങളുടെ കാര്യത്തിൽ പോലും തോട്ടക്കാരുടെ യഥാർത്ഥ ആവശ്യത്തിൽ കവിഞ്ഞുള്ള ഭൂമി, പരിധി നിയമത്തിനു വിധേയമാക്കേണ്ടതാണ്.

## പൊള്ളയായ അവകാശവാദം

ന്യൂഡൽഹി സമ്മേളനത്തിൽ, ഭൂപരിഷ്കരണങ്ങളുടെ പുരോഗതി സംബന്ധിച്ച് ചില മുഖ്യമന്ത്രിമാർ ഉന്നയിച്ച പൊള്ളയായ അവകാശ വാദങ്ങൾ, അവർ ഭൂപരിഷ്കരണം നടപ്പാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കാൻ തയാറല്ലെന്നു വെളിവാക്കുന്നുണ്ട്. സംസ്ഥാനങ്ങളിൽ അധികാരത്തിലിരിക്കുന്ന കപട സോഷ്യലിസ്റ്റുകളും സ്ഥാപിത താൽപ്പര്യക്കാരും തമ്മിൽ കഴിഞ്ഞ കുറേ വർഷങ്ങളായി തുടർന്നു വരുന്ന സഖ്യം മൂലമുണ്ടായിട്ടുള്ള സ്ഥിതി വിശേഷത്തിനു മാററമുണ്ടാക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ഭൂപരിഷ്കരണ നിയമം നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കണമെന്നു കേന്ദ്രം നിർബന്ധിച്ചാൽ രണ്ട് കൂട്ടർക്കും നഷ്ടപ്പെടാൻ വളരെയുണ്ട് ഒരിക്കൽകൂടി ഒളിച്ചുകളി നടത്തികൊണ്ട് കാര്യങ്ങൾ മുമ്പോട്ടു പോകുന്നത് തടഞ്ഞു് സ്വാഭാവികമായിരുന്നു. ഭൂപരിധിയിൽ എന്തെങ്കിലും കാര്യമായ മാററം വരുത്തുന്നതിനെ ആന്ധ്രാ മുഖ്യമന്ത്രി ശക്തിപൂർവ്വം എതിർത്തു. തന്റെ സംസ്ഥാനത്തിൽ ഭൂപരിഷ്കരണം സമ്പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞുവെന്നാണ് മദ്ധ്യപ്രദേശ് മുഖ്യമന്ത്രി അവകാശപ്പെട്ടത്. കേരളത്തിലേയും ബംഗാളിലേയും റവന്യൂമന്ത്രിമാരും, ഒരളവോളം തമിഴ് നാടിന്റെ പ്രതിനിധിയും ഇതിൽ നിന്നു വ്യത്യസ്തമായ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. കുടിയാന്മാരുടേയും പാട്ടവിളക്കാരുടേയും പ്രശ്നം പഴയതുപോലെ ധിക്കാരപൂർവ്വം കൈകാര്യം ചെയ്യുന്നതിനെതിരെ അവർ കേന്ദ്ര ഗവർമ്മെണ്ടിനു മുന്നറിയിപ്പ് നൽകി.

## കേന്ദ്രം നടപടി എടുക്കണം

ഭൂപരിഷ്ക്കരണങ്ങൾ നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിനു കേരളത്തിന്റേയും ബംഗാളിന്റേയും ഐക്യമുന്നണി പ്രതിനിധികൾ കേന്ദ്രഗവർമ്മെണ്ടിനെ കുററപ്പെടുത്തി. കൃഷി ഒരു സംസ്ഥാന വിഷയമാണെന്നിരിക്കലും ഭൂപരിഷ്ക്കരണങ്ങളുടെ കാര്യത്തിൽ കേന്ദ്രത്തിനു മൂന്നുതരത്തിൽ ഉത്തരവാദിത്വമുണ്ട്. ഒന്നാമതായി, സ്വന്തനിലയിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്കില്ല. കാരണം സംസ്ഥാനനിയമങ്ങൾക്കു കേന്ദ്രത്തിന്റെ അനുമതിവേണം. മിക്കപ്പോഴും രാഷ്ട്രീയ കാരണങ്ങളാൽ ഇക്കാര്യത്തിനു വളരെ കാലതാമസമുണ്ടാകാറുണ്ട്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ്മന്ത്രിസഭ ഭൂപരിഷ്ക്കരണബിൽ കൊണ്ടുവന്നപ്പോൾ, അഭിപ്രായങ്ങളും ഭേദഗതി നിർദ്ദേശങ്ങളും സഹിതം തിരിച്ചയക്കുന്നതിനു കേന്ദ്രം ഒരുവർഷത്തിലധികം സമയമെടുത്തു. പിന്നീട്, ഇപ്പോൾ കേരള ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ കേന്ദ്രത്തിനയച്ചപ്പോൾ അഭിപ്രായങ്ങൾ അറിയിക്കുന്നതിനു ആറുമാസത്തിലകം സമയമെടുക്കുകയുണ്ടായി.

കേന്ദ്രത്തിൽനിന്നു സംസ്ഥാനങ്ങൾക്കു സജീവസഹായം ലഭിക്കേണ്ടതായ മറെറാരുകാര്യം നിയമപരവും ഭരണഘടനാപരവുമായ നൂലാമാലകളിലാണ്. ഭൂപരിഷ്ക്കരണങ്ങളുടെ അന്തസ്സത്ത തകർക്കുന്നതിനുവേണ്ടി ശക്തരായ നിക്ഷിപ്തതാല്പര്യക്കാർ ഭരണഘടനയിലെ മൌലികാവകാശങ്ങളെ ആയുധമാക്കുന്നു. ഈ വിലങ്ങുതടി നീക്കാനുള്ള ഏകമാർഗ്ഗം ഭൂപരിഷ്ക്കരണങ്ങളെ മൌലികാവകാശങ്ങളുടെ വ്യാപ്തിയിൽ നിന്നു ഒഴിവാക്കുകയാണ്. ഈ സംഗതിയിൽ ഒരിഞ്ചുപോലും മുന്നോട്ടു നീങ്ങാൻ കേന്ദ്രം കൂട്ടാക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. അത്രതന്നെ ഗൌരവതരമായ കാര്യമാണ് മത ധർമ്മ സ്ഥാപനങ്ങളുടെ സ്വത്തവകാശമെന്ന വേഷമണിഞ്ഞു് ജന്മിത്വത്തിന്റെ കലവറകൾ കാത്തുസൂക്ഷിക്കാനുള്ള ശ്രമം. കുടിയാന്മാരോടുള്ള പെരുമാററത്തിന്റെ കാര്യത്തിൽ ചില മത ധർമ്മ സ്ഥാപനങ്ങൾ ജന്മിപ്രഭുക്കളേക്കാൾ നിഷ്ഠൂരമാണെന്നു ബന്ധപ്പെട്ട അധികൃതർ ധരിക്കേണ്ട കാലം വൈകി.

സമഗ്രമായ ഭൂസർവ്വേ നടത്തുന്നതും പുതിയ പ്രമാണങ്ങൾ തയ്യാറാക്കുകയെന്നതും ഭൂപരിഷ്ക്കരണങ്ങൾ നടപ്പാക്കുന്നതിൽ അത്യന്താപേക്ഷിതമായ കാര്യമാണ്. ഉത്തർ പ്രദേശിലൊഴികെ മറെറാരിടത്തും തന്നെ കുറെക്കാലമായി അങ്ങിനെ ഒരു സർവ്വേ നടന്നിട്ടില്ലെന്നു പറയപ്പെടുന്നു. ഇക്കാര്യത്തിനു വേണ്ടി വൻതുകകൾ ചെലവഴിക്കാവുന്ന നിലയിലല്ലാ മിക്ക സംസ്ഥാനങ്ങളും. പിന്നീട് തിരിച്ചു നൽകിയാൽ മതിയെന്ന വ്യവസ്ഥയിലെങ്കിലും കേന്ദ്രം ഈ ചെലവു

### ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ് എറണാകുളം എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല.

സഹിക്കാൻ തയ്യാറായി സംസ്ഥാനങ്ങളെ സഹായിക്കണം. കേന്ദ്രം മുൻകയ്യെടുത്താൽ, പുതുതായി ദേശസാൽക്കരിച്ച ബാങ്കുകൾക്ക ഈ ജോലി നിർവ്വഹിക്കാൻ സാധിക്കും. ആവശ്യമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നില്ലെങ്കിൽ, ഭൂപരിഷ്ക്കരണ നിയമം കൊണ്ടുവന്നതു കൊണ്ട് മാത്രം പ്രയോജനമൊന്നു മുണ്ടാകാൻ പോകുന്നില്ല. അതേപോലെ തന്നെ, ഭൂവുടമാവകാശം കൈമാററം ചെയ്യുന്നതു കൊണ്ടുള്ള പ്രയോജനം നഷ്ടപ്പെടാതിരിക്കുന്നതിന്, കടം നൽകുന്ന സ്ഥാപനങ്ങളെ ബലപ്പെടുത്തേണ്ടതായ അടിയന്തിരാവശ്യവുമുണ്ട്. ഇവിടേയും ദേശസാൽകൃത ബാങ്കുകൾക്കഫല പ്രദമായസേവനമനുഷ്ഠിക്കാൻ കഴിയും.

## യഥാർത്ഥ പരിഷ്ക്കരണം

കാര്യങ്ങൾ ഈ സ്ഥിതിയിലിരിക്കെ, വരുമാനത്തിനും നഗര സ്വത്തിനും പരിധി നിശ്ചയിക്കുന്നതു സംബന്ധിച്ചും, ബിർളയുടെ ആസ്ഥികളെപ്പററി അന്വേഷണം നടത്തുന്നതു സംബന്ധിച്ചും (ഇക്കാര്യം ഇനിയും പൂഴ്ത്തിവെച്ചിട്ടില്ലെന്നു തോന്നുന്നു) കയററിറക്കുമതി വ്യാപാരം ദേശസാൽരിക്കുന്നതു സംബന്ധിച്ചും മററും വിപ്ലവാത്മകരമായ മുദ്രാവാക്യങ്ങൾ മുഴക്കിയതു കൊണ്ട് കാര്യമില്ല. ഗ്രാമപ്രദേശത്ത് എത്രത്തോളം സാമൂഹ്യനീതി കൈവരുത്താൻ കഴിയുമെന്നതാണ് ഈ ഗവർമ്മേണ്ട് നേരിടേണ്ടുന്ന യഥാത്ഥ പരീക്ഷണം. വളരെ പെരുമ്പറയടിച്ചു പൊക്കിക്കാണിച്ച ഹരിത വിപ്ലവം, ഗ്രാമീണ രംഗത്തെ ഉച്ചനീചത്വങ്ങൾ വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തതെന്ന വിചിത്ര വസ്തുത കണ്ടു തുടങ്ങിയിട്ടുണ്ട്. "ഭൂരഹിതരുടേയും പങ്കുവിളക്കാരുടേയും ചെറുകിട—കർഷകരുടേയും സ്ഥിതിയിൽ മാററമൊന്നുമുണ്ടാകുന്നില്ലെങ്കിൽ വിളയുണ്ടാകുന്നതു പോലെത്തന്നെ നാശമുണ്ടാക്കാനും അവർക്കെളുപ്പത്തിൽ സാധിക്കും.' എന്നു ഇന്ത്യയിലെ കാർഷിക പ്രശ്നങ്ങളെക്കുറിച്ചു് സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുള്ള മി. വുൾഫ് ലഡജൻസ്ക്കി പറയുന്നു. അസ്വസ്ഥമായ ഗ്രാമീണ നിലയെക്കുറിച്ചു് കേന്ദ്ര ആഭ്യന്തര വകുപ്പ് നടത്തിയ പഠനം അത്ഭുതകരമാം വണ്ണം ഈ അഭിപ്രായത്തെ ശരി വെക്കുന്നുണ്ട്. പതിനായിരം വാക്കുകളിലുള്ള ഈ പഠനം നൽകുന്ന മുന്നറിയിപ്പ് നോക്കു. "ഭാവനയോടു കൂടി ഫലപ്രദമായി പ്രശ്നം കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. ഇതു് ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, അസംതൃപ്തരായ ജനവിഭാഗം സ്വയം സംഘടിക്കുന്നതിനു നിർബ്ബന്ധിതരാകുകയും ഇന്ത്യയിലെ സങ്കീർണ്ണ ജടിലമായ ഗ്രാമീണാന്തരീക്ഷത്തിൽ അങ്ങേയററത്തെ സംഘർഷം വീർത്തു വന്നു പൊട്ടിത്തെറിയിലവസാനിക്കുകയും ചെയ്യുന്നതാണ്.,. ഈ പശ്ചാത്തലത്തിലാണ്, അവസാന അപഗ്രഥനത്തിൽ ഭൂപരിഷ്ക്കരണങ്ങൾ നടപ്പിലാക്കേണ്ട ഭാരം വഹിക്കുന്നവരായ മുഖ്യമന്ത്രിമാർക്ക, നാടകീയമായി ആഭ്യന്തരമന്ത്രി വൈ. ബി. ചവാൻ മുന്നറിയിപ്പ് നൽകിയത്. "സാമൂഹ്യ നീതിയിൽ അധിഷ്ടിതമല്ലാ ഹരിത വിപ്ലവമെങ്കിൽ, ഹരിത വിപ്ലവം പച്ചയായിത്തന്നെ തുടരുമോ എന്നു ഞാൻ ഭയപ്പെടുന്നു.

## ഹരിതവിപ്ലവം

ഹരിത വിപ്ലവം സൃഷ്ടിച്ചിട്ടുള്ള മായാ വലയത്തിൽ മയങ്ങി ഭൂപരിഷ്ക്കരണ പ്രശ്നത്തെ പിന്നോട്ടു തള്ളാവുന്നതല്ല. ഹരിതവിപ്ലവം കൊണ്ട് പ്രധാനമായും മെച്ചമുണ്ടായിട്ടുള്ള ഒരുപിടി കർഷക മുതലാളിമാരെ ആശ്രയിച്ചല്ലാ കാർഷികോൽപ്പാദന വർദ്ധന നിലകൊള്ളുന്നത്. സ്വതന്ത്രരായ അനേകം ചെറുകിട കൃഷിക്കാരെ ആശ്രയിച്ചാണ്, കാർഷികോൽപ്പാദന വർദ്ധന നിലകൊള്ളുന്നത്. അതുകൊണ്ട് ചുമ്മാതിരുന്നു പാട്ടം മേടിക്കുന്നവരിൽ നിന്നു പണിയെടുക്കുന്ന ചെറുകിട കർഷകനിലേക്കു ഉടനെ ഭൂമി കൈമാററം ചെയ്യേണ്ടിയിരിക്കുന്നു.

കൃഷി ചെയ്യുന്നവരുടെ ക്ഷമ നശിക്കാറായി. ഇനിയും കാത്തിരിക്കാൻ അവർ തയാറില്ല. നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ സംവിധാനം കൊണ്ട് ഗുണം കിട്ടുമെന്നു അവർക്ക് ബോദ്ധ്യപ്പെടുന്നില്ല. അതുകൊണ്ടാണ് കേരളത്തിനേയും ബംഗാളിനേയും പോലുള്ള സംസ്ഥാനങ്ങളിൽ പ്രക്ഷുബ്ധാവസ്ഥയുണ്ടായിട്ടുള്ളതു്.

ഗിരിവർഗ്ഗക്കാരുടെ ക്ഷോഭത്തിലും അവർക്കിടയിൽ വളർന്നു വരുന്ന അസംതൃപ്തിയുടെ കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ട് ഉദ്ധരിച്ചു കൊള്ളട്ടെ! ഗിരിവർഗ്ഗക്കാരുടെ സ്ഥിതി പ്രത്യേക പരിഗണനയർഹിക്കുന്നു. ഗിരിവർഗ്ഗക്കാരുടെ ഉടമസ്ഥതയിലിരുന്ന ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിനു വേണ്ടി ഇരുപതാം നൂററാണ്ടിന്റെ ആദ്യത്തിൽ പാസ്സാക്കിയ നിയമങ്ങൾ മിക്കസംസ്ഥാനങ്ങളിലും പ്രത്യേകിച്ച് ആന്ധ്രാ, ഒറീസ്സാ, ബീഹാർ–എന്നിവടങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ടായിരുന്നില്ല. ഇതിന്റെ ഫലമായി, വളരെയധികം ഗിരിവർഗ്ഗക്കാർക്ക അവരുടെ ഭൂമി നഷ്ടപ്പെട്ടു. ആന്ധ്രായിലെ ശ്രീകാകുളത്തുള്ള ഗിരിജൻമാർക്കിടയിലും പടിഞ്ഞാറെ ബംഗാളിലെ ഗോപീവല്ലഭ്പൂരിലെ ഗിരിവർഗ്ഗക്കാരുടെ ഇടയിലും ബീഹാറിലെ ഛോട്ടാ നാഗ്പൂർ പ്രദേശത്തും ഒറീസ്സയിലെ കൊരാപ്പുട്ട് ജില്ലയിലും വിപുലമായ തോതിൽ ജന്മിമാർക്കും നിക്ഷിപ്തതാല്പര്യക്കാർക്കും എതിരായി കാണുന്ന ആക്രമണലക്ഷണങ്ങൾ ഈ ശോചനീയ നിലയുടെ പരിണിതഫലമാണ്. ഇടതുപക്ഷ തീവ്രവാദികളുടേയും നക്സലൈററുകളുടേയും തലയിൽ കുററം ചാരിയതു കൊണ്ടൊന്നും പ്രയോജനമില്ല.

## പരിവർത്തനമുണ്ടാക്കുക

ആഭ്യന്തര വകുപ്പിന്റെ പഠനം വെളിപ്പെടുത്തുന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾ ഉണ്ടായിട്ടും നിക്ഷിപ്ത താല്പര്യക്കാരും ഗവർമ്മെണ്ടിലുള്ള അവരുടെ ചങ്ങാതിമാരും സത്യം കാണാൻ കൂട്ടാക്കുന്നില്ല. ഒരുവിഭാഗം പത്രങ്ങളുടെ പ്രതികരണവും ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ 11 നു 'ഹിന്ദു' എഴുതിയ നീണ്ട മുഖപ്രസംഗത്തിൽ പറയുന്നു. 'രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ കാർഷികരംഗത്തു് സംഘർഷാവസ്ഥ മൂർച്ഛിച്ചു കൊണ്ടിരിക്കുകയാണെന്നും അതിനുപരിഹാരം കാണാൻ ത്വരിതഗതിയിലുള്ള നടപടി കാണുമെന്നും പറയുന്നതിൽ കുറെ കാര്യമുണ്ട്. പക്ഷെ മണ്ണുമായി മല്ലിടുന്നവനു സാമൂഹ്യനീതി ലഭിക്കുന്നതിനു വളരെക്കാര്യങ്ങൾ ചെയ്യുകഴിഞ്ഞുവെന്നും ഓർക്കണം. ഗ്രാമപ്രദേശത്തെ അസ്വസ്ഥതക്കു മുഴുവൻ കാരണം അസംതൃപ്തിയാണെന്നു പറയാനാവില്ല. കൃഷിക്കാരുടെ അവശതകൾ അവസാനിപ്പിക്കുന്നതിനല്ലാ, പ്രത്യുത തങ്ങളുടെ വിപ്ളവലക്ഷ്യങ്ങളുടെ ഭാഗമായി കുഴപ്പം സൃഷ്ടിക്കുന്നതിനു വേണ്ടി, രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാൻ കേരളത്തിലും പടിഞ്ഞാറെ ബംഗാളിലും മാർക്സിസ്റ്റുകാരും, ആന്ധ്രാപ്രദേശിൽ ചിലയിടത്തു് നക്സലൈററുകളും കുത്തിപ്പൊക്കുന്ന അസ്വസ്ഥതകളാണ് മിക്കവാറും.

യും ഇന്ത്യയുമായുള്ള സ്വരച്ചേർച്ചയില്ലായ്മ നെഹ്റുവിന്റെ മരണത്തോടെ തുടങ്ങി. ക്രെംലിനു് നെഹ്റുവിൽ പൂർണ്ണവിശ്വാസമായിരുന്നു. താനൊരു സോഷ്യലിസ്റ്റാണെന്നും അന്തർദ്ദേശീയ സൗഹാർദ്ദത്തിൽ അടിയുറച്ചതാണു് തന്റെ വിദേശനയമെന്നും നെഹ്റു പ്രഖ്യാപിച്ചിരുന്നു. നെഹ്റുവിന്റെ പിൻഗാമികൾ നയവ്യതിയാനത്തിനു ഉത്സുകരായിരുന്നു. നെഹ്റുവിന്റെ തെററുകൾ തിരുത്താൻ ധൈര്യപ്പെടാത്തവർ അടിസ്ഥാനപരമായ നയങ്ങളിൽ വ്യതിയാനം വരുത്തുന്ന പ്രശ്നമില്ലെങ്കിലും.

സോവിയററ് ഭരണാധികാരികൾക്കു് ഇന്ത്യാഗവർമ്മെന്റിനെക്കുറിച്ചും ഒട്ടനവധി പരാതികളുണ്ടായിരുന്നു. ഇന്ത്യയുടേയും റഷ്യയുടേയും നയതന്ത്ര പ്രതിനിധികളുടെ രഹസ്യസംഭാഷണത്തിന്റെ പൂർണ്ണവിവരം അടുത്ത ദിവസത്തെ 'സ്റ്റെയ്റ്റ്സ്മാൻ' പത്രം പൂർണ്ണമായി റിപ്പോർട്ടുചെയ്തു. റഷ്യ ഇന്ത്യയ്ക്കു നല്കിയ ആയുധങ്ങളുടേയും സ്പെയർപാർട്ടുകളുടേയും പൂർണ്ണ വിവരങ്ങൾ പാക്കിസ്ഥാനിലെ പത്രങ്ങൾ ശരിയായി പ്രസിദ്ധീകരിച്ചു. പാക്കിസ്ഥാനു് റഷ്യ നൽകിയ ആയുധങ്ങളുടെ വിവരം റഷ്യ ഇന്ത്യക്കു നൽകുന്നതുവരെ രഹസ്യമായിരുന്നു. രഹസ്യങ്ങൾ ചോർന്നുപോയ്ക്കൊണ്ടിരുന്നു. ഇത്തരം സംഭവങ്ങൾ റഷ്യയുടെ കണ്ണിൽ ഇന്ത്യയുടെ വിലകുറച്ചു. സ്വാഭാവികമായും പാക്കിസ്ഥാനുമായി റഷ്യ കൂടുതൽ അടുത്തു.

കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയെ കണ്ണുമടച്ചു് പിന്താങ്ങിയിരുന്ന റഷ്യ 65ൽ താഷ്കണ്ടിൽ മദ്ധ്യസ്ഥത വഹിച്ചു. താഷ്കണ്ടു് ഒരു പാഠമാണ്. പാക്കിസ്ഥാനെതിരെ ഇന്ത്യയെ സഹായിച്ചിരുന്ന റഷ്യ നിഷ്പക്ഷതയോളമെത്തി.

രാജ്യരക്ഷാ പ്രാധാന്യമുള്ള രഹസ്യങ്ങൾ പോലും ഇവിടെ ഭദ്രമല്ല. ഈ ഗ്രന്ഥകാരനെപ്പോലെ അന്തർദ്ദേശീയ ബന്ധങ്ങളും സൗഹൃദമണ്ഡലങ്ങളുമുള്ള ഉദ്യോഗസ്ഥന്മാർ നിറഞ്ഞ മന്ത്രികാര്യാലയങ്ങളും എംബസികളും ഭദ്രമായിരിക്കുക സാദ്ധ്യമല്ലല്ലോ. ഈ അടുത്തകാലത്തു് റഷ്യാ—ഇന്ത്യാ ബന്ധത്തിനു മാററം വന്നിട്ടുണ്ടു്. ആവശ്യമുള്ളതിലുമധികം ബന്ധപ്പെട്ടിരിക്കുന്നു എന്നാണു് ഇപ്പോൾ, ഉള്ള പരാതി.

## ചൈനീസ് ആക്രമണം

ചൈനീസ് ആക്രമണ കാലത്തെ സംഭവങ്ങൾ ഡയറിക്കുറിപ്പുകളുടെ രൂപത്തിലാണു് നയ്യാർ വിവരിച്ചിരിക്കുന്നതു്. ലോകരാജ്യങ്ങളുടെ മുമ്പിൽ ഭാരതത്തിന്റെ യശസ്സു തകർന്നു. ഈ സംഭവം സാമാന്യം ദീർഘമായിത്തന്നെ കുൽദീപ് നയ്യാർ വിവരിക്കുന്നു. പ്രധാനമന്ത്രി നെഹ്റു ലോക രാജ്യങ്ങളുടെ നേതാക്കന്മാർക്കയച്ച കത്തുകളും അതിനു ലഭിച്ച മറുപടികളും കുറെയൊക്കെ ഇതിൽ ഉദ്ധരിക്കുകയും ചിലവ പൂർണ്ണമായി പകർത്തുകയും ചെയ്തിട്ടുണ്ടു്. 1962 ഒക്ടോബർ മുതൽ 1963 മേ മാസംവരെയുള്ള കുറിപ്പുകളിൽ വിറങ്ങലിച്ചൊട്ടി നിൽക്കുന്നതു് ഇന്ത്യയുടെ അഭിമാനമാണു്.

1950 നവമ്പർ 7-ാം തീയതി വല്ലഭായിപട്ടേൽ നെഹ്റുവിനയച്ച കത്തിൽ (പേജ് 263'-70) ചൈനയുടെ ആക്രമണസാദ്ധ്യതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. "ചൈനീസ് വികസനദാഹവും കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്വവും പാശ്ചാത്യ സാമ്രാജ്യത്വത്തിൽ നിന്നു് വിഭിന്നമാണു്. ആദ്യത്തേതു് താത്വികമായ ആവരണമുള്ളതിനാൽ രണ്ടാമത്തേതിനേക്കാൾ പത്തിരട്ടി ആപൽക്കരമാണു്." എന്നു് പട്ടേൽ കത്തിൽ എടുത്തു പറയുന്നു.

1962ൽ ചൈനീസ് ആക്രമണം തുടങ്ങിയപ്പോൾ "എന്നെങ്കിലും അതു സംഭവിക്കുമായിരുന്നു. പക്ഷെ ഇത്രപ്പെട്ടെന്നുണ്ടാകുമെന്നു കരുതിയിരുന്നില്ല" എന്നു് നെഹ്റു പറഞ്ഞതായി നയ്യാർ പറയുന്നു. നാം ഓർക്കാപ്പുറത്താണ് അടിക്കപ്പെട്ടതു് എന്ന വാദം നിരർത്ഥകമാണ് എന്നതിനു് മതിയായ തെളിവാണിതു്.

ലഡാക്കിലും നീഫയിലും ഇന്ത്യൻ പട്ടാളം പിൻവാങ്ങലിലാണ് റെക്കോഡ് ഭേദിച്ചതു്. ഇന്ത്യൻ സൈനികരെക്കുറിച്ചു് ഒരു ക്യാപ്റ്റൻ പറഞ്ഞ വാക്കുകൾ നയ്യാർ ഉദ്ധരിക്കുന്നു. "നാമിന്നു യോദ്ധാക്കളേ അല്ല. ട്രെഞ്ചിലായിരിക്കുമ്പോഴും നാം ചിന്തിക്കുന്നതു് റെസ്റ്റാറന്റുകളേയും ക്ലബ്ബുകളേയും കുറിച്ചാണ്. നാം വളരെ മാർദ്ദവമുള്ളവരായി മാറിക്കഴിഞ്ഞിരിക്കുന്നു" എന്നാണ് (പേജ് 214) നീഫയിലെ കൗളിന്റെ സാരഥ്യം വിവാദപരമായിരുന്നു. ആക്രമണം തുടങ്ങിയ ഉടനെ കൗൾ സുഖമില്ലെന്ന കാരണത്താൽ ഡൽഹിയിലേക്കു പോരികയാണുണ്ടായതു്. സൈന്യത്തിനു വേണ്ടത്ര ആയുധങ്ങളോ വാഹനങ്ങളോ തണുപ്പിനെ അതിജീവിക്കുവാനുള്ള വസ്ത്രങ്ങൾ പോലുമോ ഉണ്ടായിരുന്നില്ല.

ആരേയും അത്ഭുതപ്പെടുത്തുന്ന ചില കൽപ്പനകൾ ആഭ്യന്തര വകുപ്പ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിലൊന്നാണ് തെസ്പൂർ ഒഴിഞ്ഞു പോകാനുള്ള കൽപ്പന. ഇന്ധനഎണ്ണകൾ, വയലുകൾ, കറൻസിനോട്ടുകൾ, ഭക്ഷ്യവിഭവങ്ങൾ എന്നിവ നശിപ്പിച്ചതിനു ശേഷം തെസ്പൂർ വിട്ടുവാനായിരുന്നു സിവിലിയൻ മാർക്കു നൽകിയ കൽപ്പന.. ജയിലുകളും ഭ്രാന്താസ്പത്രികളും ആസ്പത്രികളുമെല്ലാം ഒഴിച്ചു. ആഭ്യന്തര മന്ത്രിയറിയാതെയാണ് ഈ ഉത്തരവു പുറപ്പെടുവിച്ചതെന്നു പറയുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ ധിക്കാരം എവിടം വരെ വളർന്നു എന്നൂഹിക്കാമല്ലോ (പേജ് 215).

ഇതുപോലെ മറെറാരബദ്ധമായിരുന്നു ഡി. ഐ. ആർ. ഉപയോഗിച്ചുള്ള കൂട്ട അറസ്റ്റുകൾ. കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ചൈനാപക്ഷക്കാരെമാത്രം അറസ്റ്റു ചെയ്യാനായിരുന്നു ഉത്തരവു്. അറസ്റ്റു ചെയ്യപ്പെട്ടവരിൽ ചീന പക്ഷക്കാർ മാത്രമായിരുന്നില്ല, ചീന വിരുദ്ധരും കമ്മ്യൂണിസ്റ്റുകളല്ലാത്തവരുമെല്ലാം ഉൾപ്പെട്ടിരുന്നു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ മുഴുവൻ അതൃപ്തിക്കു് ഈ സംഭവം കാരണമായി.

നവംബർ 21-ാം നു- ചൈന അപ്രതീക്ഷിതമായി വെടിനിറുത്തൽ പ്രഖ്യാപിക്കുകയും പിൻമാററം തുടങ്ങുകയും ചെയ്തു. പ്രഭാതപത്രങ്ങൾ ഈ വാർത്ത വലിയ പ്രാധാന്യം നൽകി പ്രസിദ്ധീക-

---

ഗ്രാമപ്രദേശത്തെ അസംതൃപ്തിയുടെ ഗൗരവനിലയെ ഇങ്ങനെ താഴ്ത്തിക്കെട്ടാനുള്ള ശ്രമം കഴിഞ്ഞ കാലത്തു് പല അഗ്നിപരീക്ഷണങ്ങളേയും എതിരിട്ടു നിന്നിട്ടുള്ള ഭാരതീയ സമൂഹത്തെത്തന്നെ അവസാനം പിഴുതെറിയാൻ ഇടയാക്കിയേക്കും. നിരന്തരമായ ആക്രമണിത്തൽ ഒന്നും കടപുഴതി വീഴാതിരിക്കുകയില്ല. സ്ഥാപിതതാല്പര്യക്കാരുടേയും അവരുടെ പ്രചാരകരുടേയും നേതൃത്വത്തിൽ നിലവിലുള്ള പ്രവർത്തകരെ കാത്തുസൂക്ഷിക്കാൻ നടത്തുന്ന സംഘടിത ശ്രമങ്ങൾ കാരണമായി ഭൂപരിഷ്ക്കരണങ്ങൾ മന്ദഗതിയിലാക്കാൻ ഒരിക്കലും അനുവദിക്കരുതു് ഇനി ഒട്ടും വൈകിച്ചുകൂടാ.

ഇന്നു തൃശ്ശിലേരി-തിരുനെല്ലി പ്രദേശത്തു് നക്സലൈററുകളെന്നു കരുതപ്പെടുന്ന ഏതാനുംപേരെ പിടിക്കാൻ പോലീസ് നടത്തുന്ന പരാക്രമങ്ങളെപ്പററി വായിച്ചാൽ ലോകമഹായുദ്ധം നടക്കുകയാണെന്നുതോന്നും. വനത്തിൽ മൂന്നുനാലാളുകളെ പോലീസ് കണ്ടുമുട്ടിയെന്നും ഉടനെ അവരുടെനേരെ നിറയൊഴിച്ചെന്നും ഓടിപ്പോയവരുടെ സങ്കേതമെന്നു കരുതുന്ന സ്ഥലത്തെ ലക്ഷ്യമാക്കി തുരുതുരെ വെടിവെച്ചുവെന്നുമൊക്കെയാണ് വാർത്തകൾ. അവസാനമായി, പോലീസിനു പിടികിട്ടാപ്പുള്ളിയായിരുന്ന വർഗ്ഗീസിനെ വെടിവെച്ചുകൊന്നതായും വാർത്തയുണ്ടു്. ഈ വാർത്തകൾ വായിക്കുമ്പോൾ കേരളത്തിലെ പോലീസിനെപ്പററിയറിയുന്നവർ ഞെട്ടിപ്പോകുകയാണ്. കാരണം നക്സലൈററുകൾക്കു മലവാസികളായ കുറിച്യരുടെയിടയിൽ സ്വാധീനമുണ്ടെന്നാണ്, പോലീസിന്റെ നായാട്ടുകളെക്കുറിച്ചു് സചിത്ര കഥകളെഴുതിവിടുന്ന പത്രലേഖകരുടെ റിപ്പോർട്ടുകളിൽനിന്നുതന്നെ മനസ്സിലാന്നത്. പോലീസിന്റെ തിരച്ചിലിനിടയിൽ പാവപ്പെട്ട കുറിച്യർ എത്രപേർ നരനായാട്ടിനിരയായിട്ടുണ്ടാകുമെന്നു ഊഹിക്കാവുന്നതേയുള്ളു. ചെറിയതോതിൽ ഒരു 'മൈലായാട്ടം'തന്നെ വടക്കൻമലകളിൽ സി. ആർ. പിയും മററും ചേർന്നു കുറിച്യരുടെനേരെ നടത്തിക്കാണും.

## അഭ്യന്തരയുദ്ധമോ?

വനങ്ങളിൽ ആളെ കണ്ടയുടനെ വെടിവെക്കാൻ പോലീസിനു അധികാരം നല്കിയിട്ടുണ്ടത്രെ. മാത്രമല്ലാ പോലീസ്സ്റ്റേഷനുകളിൽച്ചെല്ലുന്നവർ സൂക്ഷിക്കണമെന്നും ഉത്തരവുകിട്ടുന്നയുടനെ നിന്നിടത്തുതന്നെ നിശ്ചലമായി നില്ക്കണമെന്നും ഐ. ജി. വിജ്ഞാപനം ചെയ്തിരിക്കുന്നു. വടക്കൻ മലകളിൽ എങ്ങോ ഒരു ചെറിയ സംഘം യുവാക്കൾ പോലീസ്സ്റ്റേഷനുകൾക്കുനേരെ ആക്രമണം നടത്തിയെന്നു കേൾക്കുമ്പോഴേക്കും എന്തെല്ലാം സന്നാഹങ്ങളാണ്. ഇവിടെ ഒരഭ്യന്തരസമരംതന്നെ നടക്കുന്നതുപോലെ പോലീസിന്റെ പെരുമാററം. അല്ലെങ്കിൽതന്നെ എം. എൽ. എ. മാരുടേയോ, രാഷ്ട്രീയപ്രവർത്തകരുടേയോ സാന്നിദ്ധ്യത്തിലല്ലാതെ നമ്മുടെ നാട്ടിൽ പോലീസ്സ്റ്റേഷനിൽ പോകാൻപോലും ആളുകൾ ധൈര്യപ്പെടാറില്ല. ഐ. ജി. യുടെ വിജ്ഞാപനംകൂടി വന്നപ്പോൾ പോലീസ്സ്റ്റേഷനിൽ പരാതികൊടുക്കാനും ആളുണ്ടാവില്ല. ഇതെല്ലാം ഒരു കൂട്ടമാളുകൾ സ്വൈരജീവിതത്തെ തകർക്കുന്നതിന്റെ പേരിലാണല്ലോ ചെയ്യുന്നതു്. അങ്ങിനെയാണെങ്കിൽ, ആളുകൾക്കു പോലീസ്സ്റ്റേഷനിൽ എപ്പോഴും കടന്നുചെല്ലാനും സഹായമഭ്യർത്ഥിക്കാനുമുള്ള സൌകര്യങ്ങളല്ലേ നൽകേണ്ടതു്?

സത്യം, അതല്ലാ, നിയമസമാധാനം എന്നതിനു പോലീസിനു തേർവാഴ്ച നടത്താനുള്ളയവകാശം എന്നാണ് അധികൃതർ കൊടുക്കുന്നയർത്ഥമെന്നുതോന്നുന്നു. പോലീസിനെ ഒഴിച്ചുനിർത്തിയാൽ ഇവിടെ കൂടുതൽ സമാധാനമുണ്ടാകുമെന്ന നിലയാണ് ഇന്നുള്ളതു്. ഇതിനു ഉദാഹരണങ്ങളുണ്ടു്.

ഒരാഴ്ചമുമ്പ്‌വരെ ഞാറക്കൽ പറവൂർ പ്രദേശത്തു് മാർക്സിസ്റ്റുകാർ വളച്ചുകെട്ടു നടത്തുന്നതിന്റേയും തെങ്ങുകയററം തടസ്സപ്പെടുത്തുന്നതിന്റെയും 'ഭീകര കഥകൾ' പത്രങ്ങളിൽ കണ്ടിരുന്നു. പെട്ടെന്നു എല്ലാം സമാധാനമായി കർഷകരും കുടികിടപ്പുകാരും തമ്മിൽ സമാധാനപരമായ ഒത്തുതീർപ്പുണ്ടാക്കിയതായും വാർത്തവന്നു. അപ്പോൾ ഞാറക്കലും പറവൂരും നടന്നതായി പ്രചരിപ്പിച്ചിരുന്ന കഥകളുടെ പിന്നിൽ കേവലം തൊഴിൽസമരങ്ങളെപ്പോലെ ചെറിയ അവകാശസമരങ്ങൾ മാത്രമായിരുന്നുവെന്നും ഒന്നുരണ്ടു് ദിവസംകൊണ്ടു് ഒത്തുതീർപ്പുണ്ടാക്കാവുന്നവ മാത്രമായിരുന്നുവെന്നും തീർച്ചയാണു്. ഇതിനിടയിൽ നിയമസമാധാനം പറഞ്ഞു് പോലീസ് കയറി കോലാഹലമുണ്ടാക്കിയതാണു് കൂടുതൽ കുഴപ്പങ്ങൾക്കിടനൽകിയിട്ടുണ്ടാവുക.

## പോലീസിനെ പഠിപ്പിക്കുക

ഒന്നുകിൽ പോലീസിന്റെ എല്ലാ അക്രമങ്ങൾക്കും പിന്തുണ നൽകുക, അതല്ലെങ്കിൽ പോലീസ് നിഷ്ക്രിയമായിരിക്കുക എന്ന സ്ഥിതിമാററി, ശരിയാംവണ്ണം ജനങ്ങളുടെയവകാശങ്ങൾക്കും ജീവനും സംരക്ഷണം നൽകുന്നവിധം പെരുമാറാൻ പോലീസിനെ പഠിപ്പിക്കാൻ അമാന്തിച്ചുകൂടാ. ഇന്നു ബംഗാളിൽ മാർക്സിസ്റ്റിതരകക്ഷിക്കാരെല്ലാംകൂടി താലൂക്കുതോറും പോലീസ് ഉപദേശകസമിതികൾ ഉണ്ടാക്കണമെന്നു മുറവിളികൂട്ടുന്നുണ്ടു്. മാർക്സിസ്റ്റുകാർക്കൊഴികെ ആർക്കും അവിടെ പോലീസ്സംരക്ഷണം ലഭിക്കുന്നില്ലെന്നാണു പരാതി ഇതിൽ എത്രത്തോളം സത്യമുണ്ടെന്നറിഞ്ഞുകൂടാ. കാരണം ഏതോലഹളയിൽ കൊല്ലപ്പെട്ട റൌഡിത്ത

## സാഹിത്യം (തുടർച്ച)

രിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെ പ്രധാനമന്ത്രിയോ സൈനികമേധാവികളോ ആരും ഇക്കാര്യം അറിഞ്ഞിരുന്നില്ല. സ്വാഭാവികമായും മൂന്നുനാലുമണിക്കൂർ മുമ്പെങ്കിലും ഈ വാർത്ത പത്രമാഫീസുകളിൽ എത്തിയിരിക്കും. നമ്മുടെ സൈന്യത്തിന്റേയും രഹസ്യാന്വേഷണ വിഭാഗത്തിന്റേയും ജാഗ്രുകതയ്ക്കു് ഇതിൽ കൂടുതൽ പ്രശംസയെന്തു വേണ്ടൂ?

യുദ്ധത്തിൽ ഒരു ജേതാവും കാണിക്കാത്ത വിട്ടുവീഴ്ചയാണ് ചൈന പ്രകടിപ്പിച്ചതു്. പിൻമാററത്തിന്റെ കാരണങ്ങൾ ഇന്നുമജ്ഞാതമാണെങ്കിലും.

അനുബന്ധങ്ങളിൽ അവസാനത്തേതിൽനിന്നു് 1967 ഒക്ടോബർ 4-ാം തീയതിയും നവംബർ 19-ാം തീയതിയും ഇന്ത്യൻ സൈനികർ ചൈനീസ് സൈനികരുടെ നേരെ ഇപ്പോഴത്തെ വെടിനിറുത്തൽ രേഖ ലംഘിച്ചു് വെടിവച്ചതായി മനസ്സിലാക്കാൻ കഴിയുന്നു. ഇന്ത്യൻ സൈനികരുടെ മൃതദേഹങ്ങളും അവശേഷിച്ചവരിൽ പാലായനം ചെയ്തവർ ഉപേക്ഷിച്ചുപോന്ന ആയുധങ്ങളും ഏററുവാങ്ങിയതിന്റെ രേഖകളും ചേർത്തിട്ടുണ്ടു്.

ഉന്നതരാഷ്ട്രീയ ഭരണമണ്ഡലങ്ങളിലെ നേപഥ്യരഹസ്യങ്ങൾ വായിക്കുവാനും വാങ്ങിയ്ക്കുവാനും ധാരാളമാളുകൾ കാണും. ഉദ്യോഗസ്ഥന്മാരുടെ ഓർമ്മക്കുറിപ്പുകൾ പറയപ്പെടാത്തതും എഴുതപ്പെടാത്തതുമായ പല സംഭവങ്ങളും പുറത്തുകൊണ്ടുവന്നേക്കും. ഇതിനെതിരെ നിയമമുണ്ടായിട്ടും ഇത്തരം പുസ്തകമേധാവികൾ രക്ഷപ്പെടുന്നതാണത്ഭുതം. ഇത്തരം പുസ്തകങ്ങൾ ഒരു കാര്യം വ്യക്തമാക്കുന്നുണ്ടു്. ഗവർമെണ്ടു് സ്വാധീനം നശിച്ചുതുടങ്ങിയ ഒന്നായി മാറിയിരിക്കുന്നു. വളരെക്കാലം തുടർന്നു് അധികാരത്തിലിരിക്കാൻ സാധ്യതയില്ലാത്ത ഭരണകൂടങ്ങളെ ഇങ്ങനെ വിമർശിക്കപ്പെടാറുള്ളു. മുകിലന്മാരോടുള്ള എതിർപ്പ് ഔറംഗസീബിന്റെ പുറകിൽ തന്നെ മുറുമുറുത്തിരുന്നപോലും.

വി. ആർ.

## ★ അമ്മ എന്ന സ്ത്രീ (സിനിമ)

അമ്മ എന്ന സ്ത്രീ—പിന്നെ അമ്മ എന്ന പുരുഷനാണോ? ഇംഗ്ലീഷ് ശൈലിയെ അനുകരിച്ച് പേരിടുന്നതുകൊണ്ടുള്ള തകരാറാണിതു്. മാതൃത്വവും സ്ത്രീത്വവും എന്നൊക്കെ മുഖസ്തുതി നടത്തി പെണ്ണുങ്ങളെ ആണുങ്ങളുടെ അടിമയാക്കാൻ വേണ്ടി പ്രചരണംനടത്തുന്നവയാണല്ലോ മിക്ക മലയാള ചിത്രങ്ങളും. കുടുംബിനി, അദ്ധ്യാപിക, ഉദ്യോഗസ്ഥ എന്നിങ്ങനെ പല പേരിലും പടച്ചു വിടുന്ന ചിത്രങ്ങളിൽ സ്ഥായിയായിട്ടുള്ളത് പെണ്ണുങ്ങളുടെ കഷ്ടപ്പാടുകളാണ് ഇവയിലൊക്കെ ഒന്നുകിൽ ഭർത്താവിനു വേണ്ടി, അല്ലെങ്കിൽ സഹോദരനുവേണ്ടി, അതുമല്ലെങ്കിൽ കുടുംബത്തിനുവേണ്ടി എരിഞ്ഞടങ്ങുന്ന സ്ത്രീകളുടെ കഥ അതിഭാവുകത്വവും കലർത്തി വിവേചനശാലികളായ പ്രേക്ഷകരിൽ ഒട്ടും അനുഭാവം ഉണ്ടാക്കാതെ പറഞ്ഞു തീർക്കുകയാണ് പതിവ്. കുഷ്ഠരോഗിയായ ഭർത്താവിനെ കൊട്ടയിലാക്കി വ്യഭിചരിക്കാൻ കൊണ്ടുപോകുന്ന ശീലാവതിമാരെ ഭാരത സ്ത്രീയുടെ ഉത്തമ മാതൃകയായി എഴുന്നുള്ളിക്കുകയാണ് സാംസ്കാരിക പ്രഭുക്കൾ. അത്തരം പുരാണനായികമാരുടെ പ്രേതങ്ങളെ പിടിച്ച് തേരിൽ നിന്നിറക്കി കാറിൽ കയററുന്നതല്ലാതെ ഒരു പുരോഗതിയും നമ്മുടെ സിനിമാ കഥകൾക്ക് കാണാനില്ല. ഈയിടെയായി ഇറങ്ങിയ ഒരു ചിത്രത്തിൽ ഭർത്താവിന്റെ ലൈംഗികശേഷി നശിച്ചിട്ടും അവന്റെ കൂടെ വികാരമടക്കി കഴിയുന്ന ഒരു നവീന ശീലാവതിയെ വെള്ളിത്തിരയിൽ കണ്ടു.

അമ്മയെന്ന സ്ത്രീയും പഴയ കാലടിപ്പാടുകൾ പിന്തുടർന്നു വന്നെത്തിയവളാണ്. ഒരു വ്യത്യാസമുണ്ട്. മുമ്പ് കണ്ട പലകഥകളുടെയും കണ്ണുങ്ങൾ വെട്ടി ഒട്ടിച്ചാണ് പുതിയ അമ്മ. ശാകുന്തളം തൊട്ട് ഇന്നേവരെ ഗർഭധാരണത്തിൽ കവിഞ്ഞൊരു കഥാബീജവും നമ്മുടെ കഥാകൃത്തുക്കൾക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലേ? കല്യാണം കഴിക്കാമെന്നും പറഞ്ഞ് പെൺകുട്ടികളെ മയക്കി അവരുമായി ലൈംഗികബന്ധം പുലർത്തിയശേഷം മൂട്ടും തട്ടി നടന്നുകളയുന്ന എത്രയോ പേരുടെ കഥ നാം കേട്ടുകഴിഞ്ഞു. ഇവിടെയും തുടക്കം അതുതന്നെ. സിനിമയിലും ജീവിതത്തിലുമുള്ള വ്യത്യാസ. ഒന്നു മാത്രം. കേവലം ഒരുതവണ ആണും പെണ്ണും ഒന്നിച്ചു ശയിച്ചാൽ പിന്നെ സിനിമയിൽ കാണുന്ന അടുത്ത രംഗം പെണ്ണുപിഴച്ചു വീട്ടിൽ നിന്നു ഓക്കാനിക്കുന്നതാണ്.'' ജീവിതത്തിലാണെങ്കിൽ ആളുകളുടെ കണ്ണുവെട്ടിച്ച് ഒത്തൊരുമിച്ചു ചേരാനാണ് കൂടുതൽ കഷ്ടപ്പാട്.

അമ്മയെന്ന സ്ത്രീയും അമ്മയാകുംമുമ്പേ, ഇഷ്ടപ്പെട്ടൊരുത്തനുമൊത്ത് ഒരു രാത്രി കഴിച്ചുകൂടിയ അപരാധമേ ചെയ്തുള്ളു. അതിനു സിനിമാക്കാർ നൽകിയ ശിക്ഷയോ? എൻറമ്മേ! വളരെ കടുത്തതുതന്നെ. ഗർഭമായെങ്കിലും പുറകെ നടക്കുന്ന ഒരുത്തനെ പുറംകാൽകൊണ്ട് തട്ടിക്കളഞ്ഞു നമ്മുടെ നായിക. അവളുടെ അഛൻ ഇരുന്നയിരുപ്പിൽച്ചാവുന്നു. അവളാകട്ടെ ആത്മഹത്യചെയ്യാൻ ഒരുങ്ങുമ്പോഴേക്കും സുമുഖനും സമ്പന്നനും സ്നേഹനിധിയുമായ ഒരുത്തൻവന്നു രക്ഷിക്കുകമാത്രമല്ല, അവളെ സംബന്ധംചെയ്യാനും തയ്യാറായി.

## കാഴ്ചപ്പാടുകൾ (തുടർച്ച)

ലവന്റെ മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിക്കാൻ ബംഗാൾ മുഖ്യമന്ത്രി അജയ്മുഖർജി തയാറായതിനെപ്പററി അഭ്യന്തരമന്ത്രി ജ്യോതിബാസു ആക്ഷേപിച്ചുകണ്ടു. രാഷ്ട്രീയനേതാക്കളുടെ അന്ധമായ കുടിപ്പകയും ചേരിപ്പോരും തുടരുന്നതിനിടയിൽ ഉദ്യോഗസ്ഥമേധാവിത്വം കൊടികുത്തിവാഴുകയാണ്. അവിടെയും എന്താണു മനസ്സിലാക്കേണ്ടതു്. ഏതോ പോലീസുകാരനെ ക്ഷുഭിതരായ ജനക്കൂട്ടം തച്ചുകൊന്നപ്പോൾ മൃദദേഹവുമെടുത്ത് കലിതുള്ളിവന്ന് നിയമസഭാസാമാജികരെ തല്ലിച്ചതയ്ക്കാൻ ബംഗാളിൽ പോലീസിനു ധൈര്യംവന്നതു് അതുകൊണ്ടാണ്. ഈയിടെയായി ഹൈക്കോടതികളുടെ ഇടപെടലും പോലീസിന്റെ അധികാരത്തിനു ശക്തികൂട്ടിയിട്ടുണ്ട്. ജനങ്ങളുടെ പരാതിയെ തുടർന്നു പോലീസിനെ സ്ഥലംമാററുന്നതുവരെ റദ്ദാക്കാൻ തുടങ്ങിയിരിക്കയാണ് ഹൈക്കോടതി.

ഇതിന്റെയെല്ലാം അടിസ്ഥാനകാരണം, രാഷ്ട്രീയ കക്ഷികളുടെ ആദർശശൂന്യമായചേരിപ്പോരിൽ ഒരുവിഭാഗം തങ്ങളുടെ പിന്തുണക്കുണ്ടാവുമെന്നു ഉദ്യോഗസ്ഥമേധാവികൾക്കും പോലീസ് തലവന്മാർക്കും ഉറപ്പുള്ളതാണ്. അതുകൊണ്ടു് രാഷ്ട്രീയ കക്ഷികളും നിയമസഭയും ഒററക്കെട്ടായിനിന്നു പൌരാവകാശങ്ങൾക്കെതിരെ പോലീസധികാരികൾ നടത്തുന്ന കയ്യേററങ്ങളെ ചെറുക്കാൻ മുമ്പോട്ടുവരേണ്ടിയിരിക്കുന്നു. പോലീസിനെ ശമ്പളംകൊടുത്തു് നിർത്തിയിട്ടുള്ളതു് ജനങ്ങളെക്കൊല്ലാനല്ലാ, കുറെയൊക്കെ ക്ഷമയോടെ നിന്നു ജനങ്ങളുടെയവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. ജനങ്ങൾ അക്രമം കാണിച്ചാലും പോലീസ് അതിക്രമം കാണിക്കാൻ പാടില്ല. ജീവനാണുവലുതു്.

പോലീസിനു പോറൽപോലും ഏൽക്കേണ്ടിവരാത്തപ്പോഴും ആളുകളെ വെടിവച്ചിടാൻ എന്താണധികാരം. മററാരുടെയെങ്കിലും ജീവൻ നഷ്ടപ്പെടുമെന്ന നിലയെങ്കിലുമേ ഉണ്ടായാലല്ലാതെ, വെടിവെപ്പ് നടത്തുന്നതെന്തിനു്? ലാത്തിച്ചാർജ്ജും വെടിവെപ്പും നടത്തുന്നതിനുമുമ്പ് ജനങ്ങൾക്കു മുന്നറിയിപ്പ് നൽകണമെന്നുപോലും പോലീസ്മേധാവികൾ ഇന്നു കരുതുന്നില്ല. സബ്ബ്ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും വിചാരിച്ചാൽ വെടിവെപ്പുനടത്താനും സാധിക്കും. വാറണ്ടൊന്നുമില്ലാതെതന്നെ ആരേയും സ്റ്റേഷനിൽ കൊണ്ടുപോയി ലോക്കപ്പിലിട്ടു മർദ്ദിക്കാനും പോലീസിനു ഭയമില്ല. പൌരാവകാശങ്ങളുടെ മുകളിൽക്കയറി പോലീസ് നടത്തുന്ന താണ്ഡവം അവസാനിപ്പിക്കാൻ വൈകിക്കരുതു്.

**കോൺഗ്രസ്സിലെ പിളർപ്പിനെക്കുറിച്ച് എം. എ. ജോൺ എഴുതുന്ന നീണ്ട ലേഖനം സ്ഥലച്ചുരുക്കം കാരണം മാററിവെച്ചിരിക്കുകയാണ്.**

സാധാരണഗതിയിൽ നമ്മുടെനാട്ടിൽ ഒരു പെൺകുട്ടിക്കു ഇതിൽപരം ഭാഗ്യമുണ്ടാകാനില്ല. പക്ഷെ എന്തുചെയ്യാം. നായികയെ രക്ഷിച്ചവൻ ഒരു ദിവസം വഴിയിൽ വെടികൊണ്ടു ചത്തു. ചാകുന്നതിനുമുമ്പേ 'അമ്മക്കു' ഒരു പെൺകുട്ടികൂടി ജനിച്ചു. ചത്തവന്റെ അമ്മയും അച്ഛനുംകൂടിവന്നു പെൺകുട്ടിയെ അങ്ങു് എടുത്തുകൊണ്ടുപോയി. രക്ഷകനായ മകന്റെ ഭാര്യ 'പിഴച്ചവളായ'തുകൊണ്ടു്, അവളെ വീട്ടിൽ കയററാൻ രക്ഷകന്റെ അച്ഛൻ തയാറില്ല. കഥ നീട്ടിപ്പറയുന്നില്ല. 'അമ്മ' ഹോട്ടലിൽ അരിയരച്ചും കഷ്ടപ്പെട്ടും മകനെ വലുതാക്കിക്കൊണ്ടു് വന്നപ്പോൾ അവൻ ഒരുദിവസം ആത്മഹത്യചെയ്തു. എന്നിട്ടും 'അമ്മ'യുടെ പേരിൽ കൊലക്കുററം ചുമത്തി കോടതിയിൽക്കൊണ്ടുവന്നിരിക്കുകയാണു്.

'തുലാഭാരം' എന്ന പേരിൽ കുറേക്കാലം മുമ്പു് ഒരു ചലച്ചിത്രാഭാസം പുറത്തിറങ്ങിയിരുന്നല്ലോ. അതു് കുറെ കാശുണ്ടാക്കിയെന്നു കണ്ടു്, കാക്ക ഏകാദശി നോററ കഥയിലെ, രണ്ടാം കാക്കയെപ്പോലെ 'അമ്മ എന്ന സ്ത്രീ'യേയും ഉണ്ടാക്കിവിട്ടിരിക്കുകയാണെന്നുവ്യക്തം. എല്ലായ്പ്പോഴും പണക്കാരി പാവപ്പെട്ടവളാകുമ്പോഴാണു് നമ്മുടെ കഥാകൃത്തുക്കൾക്കു് സഹിക്കാനാവാത്ത സങ്കടം. എല്ലുമുറിയെ പണിയെടുത്തു് പാടുപെടുന്ന അനേകം പെണ്ണുങ്ങളെപ്പററിയൊന്നും അവർക്കു പറയാനില്ല.

നാട്ടിൽ പെണ്ണുങ്ങൾക്കാണു കൂടുതൽ കഷ്ടപ്പാടെന്നതു ശരിതന്നെ. അതെല്ലാക്കാലവും അങ്ങിനെ തുടരണമെന്നാണു് കലാകാരന്മാരെന്നു പറയുന്നവന്മാരുടെ നിർബ്ബന്ധമെന്നു തോന്നുന്നു. 'വാഴ മുള്ളിൽ വീണാലും മുള്ളു് വാഴയിൽ വീണാലും വാഴക്കാണുകേടു്'' എന്നിങ്ങനെ ചില തത്വശാസ്ത്രങ്ങളും ഇടക്കിടെ പ്രസംഗിക്കും. സ്ത്രീക്കു സമുദായത്തിൽ തുല്യതയനുവദിക്കാത്തതിനെപ്പററിയൊന്നും ഇവർക്കു പറയാനില്ല. ഉള്ള കുടുംബബന്ധങ്ങളെ അരക്കിട്ടുറപ്പിക്കാനാണു വ്യഗ്രത. 'അമ്മയെന്ന സ്ത്രീ'യും യാതൊരനുഭാവവുമുണ്ടാക്കാത്തവിധം അതുതന്നെചെയ്യുന്നു. ഭാര്യയും പെണ്ണുങ്ങളും വ്യഭിചരിക്കാതിരിക്കാൻ വാതിലടച്ചു കാവലിരിക്കുന്ന സംസ്കാരത്തിന്റെ കാവൽഭടന്മാർക്കു് ഈ ചിത്രവും രസിച്ചേക്കും. ചിത്രം അവസാനിക്കുംമുമ്പു് ''അതുകൊണ്ടു് ലൂപ്പ് ഉപയോഗിക്കുവിൻ'' എന്നു എഴുതിക്കാണിച്ചാൽ അത്രക്കെങ്കിലും പ്രയോജനമുണ്ടായേനെ.

ചുണക്കുട്ടിയായ ഒരു പെണ്ണിന്റെ കഥ കേൾക്കാൻ കൊതിയായിത്തുടങ്ങി.

---



യോ കോടതിയിൽ വെച്ചു് തെളിയിക്കാൻ സാധിക്കുകയില്ലെന്നു പോലീസിനറിയാമായിരുന്നു. തലശ്ശേരി-പുല്പള്ളി സ്റ്റേഷനാക്രമണക്കേസുകളിലെ അനുഭവം പോലീസ് മേധാവികൾക്കു് ഇതു് മനസ്സിലാക്കിക്കൊടുത്തിരിക്കുന്നു. കേസിനൊന്നും പോകാതെ സ്വയം കണ്ടപാടെ ചുട്ടുകൊല്ലാൻ നിയമസമാധാനപാലകരായ പോലീസ് മേധാവികൾ തീരുമാനിക്കുകയും ചെയ്തു. മുമ്പും തങ്ങളുടെ വീരസാഹസകഥകൾ പ്രചരിപ്പിക്കാൻ കൂട്ടുനിന്ന മനോരമയേയും കൂട്ടരേയും സഹായത്തിനു കിട്ടുമെന്നും പോലീസിനുറപ്പായിരുന്നു.

തുടർക്കഥ വിററു കാശാക്കാൻ അറിയുന്ന മനോരമക്കു് അജിതയും മററു പ്രതികളും കച്ചവടത്തിനു പററിയ പ്രതികളായിരുന്നു. ഈ നാട്ടിലെ ഏതൊരു പെൺകുട്ടിക്കും അർഹമായ മാന്യത നൽകാതെ പോലീസ് സഹായത്തോടെ അജിതയെ ഉടുത്തിരുന്ന സാരി ഉരിഞ്ഞുമാററി സ്റ്റൂളിൽ കയററിനിറുത്തി തിരിച്ചും മറിച്ചും മനോരമ ഫോട്ടോ എടുത്തു പ്രചരിപ്പിച്ചുകൊണ്ടിരുന്നു. നാലുകാശു കിട്ടുമെന്നു കണ്ടാൽ എന്തും വിൽക്കാൻ തയ്യാറുള്ള ഇത്തരം പത്രക്കാരുടെ ധർമ്മബോധം ചിലപ്പോൾ അണപൊട്ടി ഒഴുകുന്നതു കാണാം. കൽക്കത്തയിലെ രവീന്ദ്രസരോവർ സംഭവത്തെപ്പററി എന്തെല്ലാമാണു് പത്രമുതലാളിമാർ എഴുതിവിട്ടതു്. കുളക്കടവിൽ പെൺകുട്ടികളുടെ അടിവസ്ത്രങ്ങൾ കണ്ടപ്പോഴേക്കും ഘോഷയാത്രയായി വന്ന സ്ത്രീകൾ ആത്മഹത്യനടത്തിയെന്നു എഴുതിപ്പിടിപ്പിക്കാൻ അവർ ഒരുമ്പെട്ടു. തുണിയുരിഞ്ഞാടുന്നതും കണ്ടു് നിശാക്ലബ്ബുകളിൽ മദ്യം കുടിച്ചുകൊണ്ടിരിക്കുന്നവർ യോഗം ചേർന്നു ഭാരതസ്ത്രീകളുടെ മാനത്തിനു വേണ്ടി ഭാവഗീതങ്ങൾ തന്നെ എഴുതി.

വയനാട്ടിലെ നിരക്ഷരരും നിഷ്കളങ്കരുമായ ആദിവാസികളുടെ മേൽ പോലീസ് നടത്തിയ താണ്ഡവനൃത്തം ഊഹിക്കാവുന്നതേയുള്ളു. വർഗ്ഗീസ് കൂലിവർദ്ധനവിനുവേണ്ടി നടത്തിയ സമരവും അതിന്റെ വിജയകരമായ പരിസമാപ്തിയും ഈ ആദിവാസികളിൽ നിസ്സാരമായ ചലനമല്ലാ ഉണ്ടാക്കിയിട്ടുള്ളതെന്നു മനോരമയുടെ പ്രത്യേക ലേഖകൻ മുമ്പേതന്നെ എഴുതിയിട്ടുള്ളതാണു്. ''ആദിവാസികളുടെ സഹായസഹകരണങ്ങൾ കൂടാതെ വർഗ്ഗീസിനെന്നല്ലാ'' സാക്ഷാൽ ചെഗുവേരക്കുപോലും ഈ പ്രദേശങ്ങളിൽ യാതൊന്നും ചെയ്യാനാവില്ലെന്ന കാര്യത്തിൽ സംശയമില്ല. അപ്പോൾ വറുഗീസിനെ പിടിക്കാൻ വേണ്ടി ആദിവാസികളുടെ നേരെ പോലീസ് നടത്തിയിരിക്കാവുന്ന മർദ്ദനങ്ങൾ വിസ്തരിക്കേണ്ടതില്ല. പാവപ്പെട്ട സാധുക്കളെ പിടികൂടി ചോദ്യം ചെയ്തുവരുന്നതായി നേരത്തെതന്നെ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. മര്യാദക്കു സംസാരിക്കാൻപോലും അറിഞ്ഞുകൂടാത്ത ആ നിഷ്കളങ്കരിൽ എത്രപേർ വനത്തിൽ പിടഞ്ഞുവീണു മരിച്ചിട്ടുണ്ടാകുമെന്നു ഊഹിക്കാവുന്നതേയുള്ളു. പുരുഷന്മാർ ഭയപ്പെട്ടു് ഓടിരക്ഷപ്പെട്ടിട്ടുള്ള ഭവനത്തിൽ നിരാശ്രയരായിക്കഴിഞ്ഞ മാറുമറക്കാത്ത യുവതികളെ സി. ആർ. പി. എങ്ങനെ ചോദ്യം ചെയ്തുകാണുമെന്നു ഊഹിക്കാവുന്നതാണു്. അടുത്ത ഭാവിയിൽ തന്നെ ആദിവാസിയുവതികൾ സി. ആർ. പി. ക്കാരുടേയും എം. എസ്സ്. പി. ക്കാരുടേയും കുട്ടികളെ പ്രസവിച്ചാൽ അത്ഭുതപ്പെടേണ്ട.

തലശ്ശേരി പുല്പള്ളി സ്റ്റേഷനുകൾ ആക്രമിച്ച കേസിലെ പ്രതികൾക്കുവേണ്ടി ഡിഫൻസ് കമ്മിററികൾ സംഘടിപ്പിച്ച വലതു കമ്യൂണിസ്റ്റുകാരാണല്ലോ ഇപ്പോൾ ഭരിക്കുന്നതു്. ആ കേസിലെ പ്രതികളെ ആരും വെടിവെച്ചു കൊന്നിരുന്നില്ല. ഏററവും നല്ല ഡിഫൻസ് വെടിവെച്ചു കൊല്ലലാണെന്നാണോ ഇപ്പോൾ ഭരണത്തിലിരിക്കുന്നവർ കണ്ടെത്തിയിരിക്കുന്നതു്? നക്സൽബാരികൾ എന്നല്ലേ പിടികിട്ടേണ്ടവരെപ്പററിപ്പറയുന്നതു് സാക്ഷാൽ നക്സൽബാരിയിൽ സമരം നടന്നപ്പോഴും ഒററയാളെപ്പോലും കൊല്ലാതെ പ്രതികളെ പിടിക്കാൻ ജ്യോതിബാസുവിന്റെ പോലീസിനു കഴിഞ്ഞുവെന്നു ഓർക്കണം. ഇവിടെ വർഗ്ഗീസിനെ മനഃപൂർവ്വംവേട്ടയാടിക്കൊന്നതാണെന്നു സം

Vol. 1

No. 4

# NIRNAYAM

(ERNAKULAM 22ND FEBRUARY 1970)

Price 35 Ps.

ഏതു് ഐ. എസ്സ്. പി. ക്കാരനെങ്കിലും മന്ത്രിയായിക്കൊള്ളട്ടെ. അവരിൽആരു മന്ത്രിയായാലും ഈ രാജ്യത്തിനു വിശേഷിച്ചു് ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഒരു പക്ഷേ, മന്ത്രിക്കു പ്രതിമാസം 500രൂപ സമ്പാദിക്കാമെന്ന മുൻ മുഖ്യമന്ത്രി ആദായ സർട്ടിഫിക്കററ് നൽകിട്ടുള്ളതുകൊണ്ടു്, മന്ത്രിയാകുന്നവനു സമ്പാദിക്കാൻസാധിച്ചേക്കും. എന്നാലുംജനാധിപത്യകീഴ്വഴക്കങ്ങളനുസരിച്ചു് നാടു ഭരിക്കുന്നുവെന്നാണല്ലോ വെപ്പു്. അതുകൊണ്ടു് പറയുകയാണ്. ശേഷൻ മന്ത്രി സ്ഥാനം രാജിവെക്കണമെന്നാവശ്യപ്പെടാൻ എന്താണു കാരണമെന്നു ഐ. എസ്സ്. പി. നേതാക്കൾ വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി എന്ന നില മറന്നു്, മാർക്സിസ്റ്റ് പാർട്ടിയുടെ തടവുകാരനായിരിക്കയാണ് ഇ. എം. എസ്സ്. എന്നായിരുന്നല്ലോ ഐ. എസ്സ്. പി. ക്കാർക്കും മററും മുമ്പു് ഉണ്ടായിരുന്ന പരാതി. തങ്ങളുടെ മന്ത്രിയെ തുടലിലിട്ടു കൊണ്ടു് നടക്കാൻ അവകാശം വേണമെന്നാണു ഐ. എസ്സ്. പി. നേതാക്കൾ ഇപ്പോൾ ശാഠ്യം പിടിക്കുന്നതു്.

ഇത്തരം വൈരുദ്ധ്യമൊന്നും ഐ. എസ്സ്. പി. ക്കു പ്രശ്നമല്ല. ശേഷൻ രാജിവെക്കുന്നില്ലെങ്കിൽ കോരനോടു് രാജിവെക്കാൻ ആവശ്യപ്പെടുമെന്നാണ് ഐ. എസ്സ്. പി. ചെയർമാൻ ചന്ദ്രശേഖരൻ പറയുന്നതു്. പാവം കോരൻ. പിന്നേയും ശേഷൻ രാജിവെക്കുന്നില്ലെങ്കിലോ? അച്ചുതമേനോൻ രാജിവെച്ചു് ശേഷനെ ഒഴിവാക്കി പുതിയ മന്ത്രിസഭ ഉണ്ടാക്കണമെന്നു് ആവശ്യപ്പെടുമോ?

മന്ത്രി സ്ഥാനവും എം. എൽ. എ. സ്ഥാനവും ജീവിതലക്ഷ്യമായിക്കരുതുന്ന നാണംകെട്ടവർ പാർട്ടിയുടേയും ഗവർമ്മെണ്ടിന്റെയും അധികാരസ്ഥാനങ്ങളിലെത്തിയാലുണ്ടാകുന്ന ദുരന്തരഫലമാണ് ശേഷൻ പ്രശ്നം.

## എഴുതാപ്പുറം (തുടർച്ച)

ശയരഹിതമായി റിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കാം.

മാറു തുളച്ചു് കടന്നു നട്ടെല്ലു തകർന്നു് വെടിയുണ്ട പാഞ്ഞു പോയിട്ടുണ്ടെങ്കിൽ വളരെയടുത്തുനിന്നാണു വെടിവെച്ചതെന്നു വ്യക്തം. പാറക്കെട്ടിനകത്തുവെച്ചു് പോലീസുമായി മരണക്കളിക്കുതന്നെ വർഗ്ഗീസ് തയാറായി പോലും. മരണക്കളിക്കു തയാറായ ആൾ തന്നെ 'എന്റമ്മോ' എന്നു നിലവിളിച്ചു് മരിച്ചതായും പറയുന്നു. പോലീസിനെ വെടിവെക്കാൻ ഉപയോഗിച്ച തോക്കും, ഒരുതിരയും ഉറയിട്ട കഠാരിയും മൃതദേഹത്തിനു സമീപം കാണപ്പെട്ടുവത്രെ. വറുഗീസിന്റെ കയ്യിലുണ്ടായിരുന്ന കിററ്ബാഗിൽ ഒരു ടോർച്ചും സിഗരററു ലൈററും മററുമുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടു്. ശ്രീധരൻ മാസ്റ്ററിൽ നിന്നു പിടിച്ചെടുത്തുവെന്നു കരുതുന്ന ടോർച്ചാണെന്നു തിരിച്ചറിഞ്ഞിട്ടുണ്ടുപോലും. ഇതെല്ലാം പോലീസ് കൊണ്ടിട്ടതാണെന്നു കാണാൻ വരികൾക്കിടയിൽ വായിച്ചുനോക്കേണ്ടയാവശ്യമൊന്നുമില്ല. വർഗ്ഗീസിനെ കൊല്ലുന്നതിനു പോലീസ് ന്യായീകരണം കണ്ടെത്താൻ നടത്തിയ ശ്രമങ്ങളാണിവ.

മരണക്കളിനടത്തുന്നയാൾ ഒരു കയ്യിൽ ബാഗും വെച്ചുകൊണ്ടാണോ പോലീസിനു നേരെ വെടിവെക്കുന്നതു്. പോലീസ് പാർട്ടിയെ വെടിവെക്കാൻ ഉന്നം വെച്ചതുകൊണ്ടു് ഒരു കണ്ണടച്ചും ഒരു കണ്ണു തുറന്നും ഇരുന്നുവെന്നാണു കഥ. വെടികൊണ്ടു് മരിച്ചിട്ടും ഉന്നം നോക്കിയ കണ്ണുകൾ അതേപടിതന്നെ ഇരിക്കുന്നു. പക്ഷേ ഉന്നം പിടിച്ച തോക്കു് പിടിവിട്ടു് അൽപ്പം ദൂരത്തിലായിപ്പോയി. പാറക്കെട്ടിനകത്തിരിക്കുന്നയാൾ ഒട്ടും മറഞ്ഞു നിൽക്കാതെ പോലീസ് സംഘത്തിന്റെ നേരെ വന്നു നിന്നാണോ വെടിവെക്കുന്നതു്. നേരെ വന്നതല്ലായിരുന്നെങ്കിൽ പിന്നെ മാറിൽ തന്നെ വെടിയുണ്ട തുളച്ചുകയറുമോ? വർഗീസ് അവസാനം കീഴടങ്ങാൻ വരുമ്പോൾ പോലീസ് ചുട്ടുകൊന്നതായിരിക്കുമോ? അതോ ആദിവാസി കുടിലുകളിൽ ഒളിച്ചിരുന്ന വറുഗീസിനെപ്പിടിച്ചു വനത്തിൽ കൊണ്ടുചെന്നു് നിറുത്തി നേരെ വെടിവെച്ചു കൊന്നു് ബാഗും തോക്കും കൊണ്ടിട്ടതോ?

എങ്ങിനെയായാലും ശരി വർഗ്ഗീസിനെ പോലീസ് മനഃപ്പൂർവ്വം ചുട്ടുകൊന്നതാണ്. കുററവാളിയെന്നു സംശയിക്കപ്പെടുന്ന ഒരാളെ നൂറുകണക്കിനു പോലീസുകാർ സന്നാഹങ്ങളോടെ ചെന്നു ചുട്ടുകൊല്ലുന്നതാണോ നീതിന്യായം? അതോടു കോടതിയിൽ കൊണ്ടുപോയി തെളിവുകൾ ഹാജരാക്കി കുററം തെളയിച്ചു് ശിക്ഷിക്കപ്പെടുന്നതോ? പോലീസും മനോരമയും എത്രതന്നെപറഞ്ഞാലും ശരി വർഗീസ് കുററവാളിയാണെന്നു വിധിയെഴുതാനുള്ളയധികാരം അവർക്കില്ല. പോലീസ് ആത്മരക്ഷാർത്ഥം വെടിവെച്ചതാണെന്നു പോലും സ്ഥാപിക്കാൻ കള്ളക്കഥകൾക്കു കഴിയുന്നില്ല. മനോരമയുടെ ദൃഷ്ടിയിൽ ഈ രാജ്യത്തെ പൌരന്റെ ജീവനു വിലയില്ലായിരിക്കും. നൂറുകണക്കിനു പോലീസുകാർ സംഘടിച്ചു ചെന്നു ഒരാളെ വനത്തിൽ കൊണ്ടുപോയിച്ചുട്ടിരിക്കുന്നതിന്റെ കഥ അവര ആഹ്ലാദത്തോടെവിവരിക്കുകയാണ്. കോടിക്കണെനാളുകളെ നിഷ്ക്കരുണം ചൂഷണം ചെയ്തു് കുബേരന്മാരായവരുടെ സ്വത്തിനു നഷ്ടപരിഹാരം കൊടുക്കുന്നതിനു വേണ്ടി മൌലീകാവകാശവും പൌരാവകാശവും ഉന്നയിച്ചു് അലമുറയിടാൻ മനോരമയും കൂട്ടാളികളും മുമ്പിലാണ്. ഈ ചൂഷണം അവസാനിപ്പിക്കുവാൻ വേണ്ടി സ്വത്തിന്റെ മൌലികാവകാശം മാററണമെന്നു് പറഞ്ഞാൽ ഈ പത്രങ്ങൾ സ്വാതന്ത്ര്യത്തിന്റെ പരിരക്ഷകരായി തീരും. സ്ഥാപിത താൽപ്പര്യക്കാരുടെ ജീവനും സ്വത്തിനും ഉള്ള പരിരക്ഷകളാണ് അവർക്കു മൌലീകാവകാശങ്ങൾ. വർഗീസിനെ ചുട്ടുകൊല്ലുന്നതിനു മൃഗയാ വിനോദത്തിൽ കവിഞ്ഞ പ്രാധാന്യം അവർ കൽപ്പിക്കുന്നില്ല. ഭരണഘടനയും മൌലികാവകാശങ്ങളും കോടതികളും പോലീസും നിയമവും മനോരമയെപ്പോലുള്ള പത്രങ്ങളും എല്ലാം സ്വകാര്യ സ്വത്തുടമകളുടെ കാവൽ ഭടന്മാരിൽ കവിഞ്ഞൊന്നുമല്ലെന്നു ഭനസ്സിലാക്കാൻ വയനാടൻ നരവേട്ടക്കഥകൾ ഉപകരിക്കും.

ഇന്നത്തെ ജനാധിപത്യ പ്രഹസനം നടത്തുമ്പോൾ പോലും യാതൊരു മറവും കൂടാതെ വിരോധികളെ ചുട്ടുകൊല്ലാൻ പോലീസിനു മടിയില്ലെന്നു പ്രകടമായി കഴിഞ്ഞു. പട്ടാളഭരണം വന്നാൽ നന്നായിരുന്നുവെന്നു ചിന്തിക്കുന്നവർക്കു ഒരു പാഠമാണ് വയനാട്ടിലെ മനുഷ്യക്കുരുതി. പത്രങ്ങളും കോടതികളും നിയമസഭയുമെല്ലാം പട്ടാളത്തിന്റെ ചൊൽപ്പടിയിൽ അമരുകകൂടിചെയ്താൽ കാക്കിയടുപ്പുകാർ നടത്തുന്ന നരവേട്ടകൾ എത്ര ഭീകരമായിരിക്കും?

Edite Printed and published by M. A. John. Convent Road Cochin-11
at Empees Press, Gopal Prabhu Road, Cochin-11.